# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചിറക്കടവ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെഎസ്എ.കെടിഎം പി5-1660/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 09/11/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചിറക്കടവ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ.കെടിഎം പി5-1660/2023 തീയ്യതി: 09/11/2023

## കോട്ടയം ജില്ലയിലെ ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-05-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-09-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 11-09-2023 | 19-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 11-09-2023 | 19-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മായ ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി ഡാനിമോൾ കെ.ജെ, ഓഡിറ്റ് ഓഫീസർ
ശ്രീ. രാജേഷ് എം, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ. ഷാജിമോൻ പി ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. അഗസ്റ്റിൻ സി തേവർകുന്നേൽ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ശ്രീകുമാരൻ നായർ സി.ആർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. ഹരികുമാർ എസ് | സെക്രട്ടറി | 01-04-2022 | 30-09-2022 |
| ശ്രീമതി ബിൻസി ചെറിയാൻ | സെക്രട്ടറി | 06-10-2022 | 07-10-2022 |
| ശ്രീ നോബി എം ഐസക് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-10-2022 | 25-10-2022 |
| ശ്രീമതി ബിൻസി ചെറിയാൻ | സെക്രട്ടറി | 26-10-2022 | 31-03-2023 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| യമുന ജോസ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. അരുൺ ടി എസ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. നിഷാന്ത് മുഹമ്മദ് | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2022 | 31-03-2023 |
| ഡോ. പ്രഹ്ലാദ് | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ. സാജൻ ചെറിയാൻ | മെഡിക്കൽ ഓഫീസർ , ഹോമിയോ | 01-04-2022 | 05-01-2023 |
| ഡോ. ചാണ്ടി ഇ ഡാനിയൽ | മെഡിക്കൽ ഓഫീസർ , ഹോമിയോ | 06-01-2023 | 31-03-2023 |
| ലക്ഷ്മി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 03-01-2023 |
| മോളമ്മ എം സി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 04-01-2023 | 31-03-2023 |
| അന്നമ്മ ജോൺ | അസിസ്റ്റന്റ് എഞ്ചിനിയർ (എൽ.എസ്.ജി.ഡി) | 01-04-2022 | 06-10-2022 |
| ആര്യ എസ് കണ്ണൻ | അസിസ്റ്റന്റ് എഞ്ചിനിയർ (എൽ.എസ്.ജി.ഡി) | 07-10-2022 | 31-03-2023 |
| ടോണി വർഗീസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ചിത്ര എസ് | അസി.സെക്രട്ടറി | 01-04-2022 | 29-09-2022 |

| | | | |
|---|---|---|---|
| മണിയപ്പൻ പി പി | അസി.സെക്രട്ടറി | 30-09-2022 | 16-01-2023 |
| ഷീന എസ് | അസി.സെക്രട്ടറി | 17-01-2023 | 31-03-2023 |
| ഫൈസൽ എച്ച് | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| രഘു എം ഡി | വി ഇ ഒ ചെറുവള്ളി | 01-04-2022 | 03-05-2022 |
| ജോർജ് സാവിയോ | വി ഇ ഒ , ചെറുവള്ളി | 04-05-2022 | 31-03-2023 |
| രഘു എം ഡി | വി ഇ ഒ , പൊൻകുന്നം | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തികളുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-2 |
| 4 | വാർഷിക കണക്കുകളിലെ തുകകളും വിവിധ ഡിമാൻന്റ് രജിസ്റ്റർ/വരവ് രജിസ്റ്ററുകളിൽ സംക്ഷിപ്തം ആയി ചേർത്ത തുകകളും പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ഡെപ്പോസിറ്റ്/അഡ്വാൻസ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-1-4 |
| 6 | 2022-23 വർഷത്തെ ആസ്തികളുടെ അക്കൗണ്ടിങ്ങിലും ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലും അപാകത | 1-1-5 |
| 7 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-6 |
| 8 | അധിക ധനസഹായം തിരിച്ചടച്ചത് തെറ്റായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തു | 1-1-7 |
| 9 | ഫിക്സഡ് ഡെപ്പോസിറ്റ് തുക തെറ്റായി ചേർത്തിരിക്കുന്നു | 1-1-8 |
| 10 | ബാങ്ക് അക്കൗണ്ടുകൾ ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല | 1-1-9 |
| 11 | ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | പൊരുത്തപ്പെടുത്തൽ പത്രിക ലഭ്യമാക്കിയില്ല | 1-1-11 |
| 13 | ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല | 1-1-12 |
| 14 | Prior Period Income/Expenditure - അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല. | 1-1-13 |
| 15 | സ്ഥിരനിക്ഷേപത്തിന്റെ പലിശ അക്കൗണ്ട് ചെയ്തില്ല | 1-1-14 |
| 16 | ബജറ്റ്-വിശകലനം | 1-2 |
| 17 | സാമ്പത്തിക വിശകലനം | 1-3 |
| 18 | ഗ്രാന്റ് വിനിയോഗം | 1-4 |
| 19 | പദ്ധതി അവലോകനം | 1-5 |
| 20 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 21 | ക്ഷേമ പദ്ധതികൾ | 1-7 |
| 22 | ക്യാഷ്ബാലൻസ് പരിശോധന | 1-8 |
| 23 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 24 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 25 | ബാങ്കിൽ നിക്ഷേപിച്ച ചെക്കുകൾ ക്രെഡിറ്റാകാതെ അവശേഷിക്കുന്നു | 1-11 |
| 26 | വസ്തുനികുതി വേക്കൻസി റെമിഷൻ അനുവദിച്ചത് - നടപടിക്രമങ്ങളിലെ അപാകതകൾ | 1-12 |
| 27 | വസ്തുനികുതി നിർണ്ണയിക്കുന്നതിലെയും ചുമത്തുന്നതിലെയും അപാകതകൾ | 1-13 |
| 28 | തൊഴിൽനികുതി - നിർണ്ണയത്തിലെയും ഡിമാൻഡ് ചെയ്യുന്നതിലെയും അപാകതകൾ | 1-14 |
| 29 | വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിന്റെ കെട്ടിടങ്ങളുടെ നിർമ്മാണം ക്രമവൽക്കരിച്ചത്- ടൗൺ പ്ലാനറുടെ നിർദ്ദേശം പാലിച്ചില്ല | 1-15 |
| 30 | വിനോദനികുതി പിരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല | 1-16 |

| | | |
|---|---|---|
| 31 | ലേലം ചെയ്ത് നൽകിയ മണ്ണ് കെട്ടിട നിർമ്മാണ സൈറ്റിൽ നിന്നും നീക്കം ചെയ്തില്ല | 1- 17 |
| 32 | ബസ് സ്റ്റാൻഡ് ഫീസ് പിരിവ് -കുടിശിക തുക ഈടാക്കിയില്ല | 1-18 |
| 33 | പബ്ലിക്ക് കംഫർട്ട് സ്റ്റേഷൻ- നടത്തിപ്പ് ലേലം ചെയ്ത് നൽകിയില്ല. | 1-19 |
| 34 | വാടക കുടിശിക ഈടാക്കുവാൻ അവശേഷിക്കുന്നു | 1-20 |
| 35 | ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ | 1-21 |
| 36 | അധിക വിഭവ സമാഹരണം | 1-22 |
| 37 | ട്രാൻസ്ഫർ അഡ്വാൻസ് - നിയമാനുസൃത സമയപരിധിക്കുള്ളിൽ ക്രമീകരിച്ചിട്ടില്ല | 1-23 |
| 38 | ഫെസ്റ്റിവൽ അഡ്വാൻസ്- അനുവദിച്ച തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല | 1-24 |
| 39 | പാർക്കിംഗ് ഏരിയ സജ്ജീകരിക്കുന്നതിനായി തുക ചെലവഴിച്ചു-പാർക്കിംഗ് സൗകര്യം ഏർപ്പെടുത്താനായിട്ടില്ല | 1-25 |
| 40 | പഴയമോട്ടോർ ലേലം ചെയ്തില്ല | 1-26 |
| 41 | ചെലവ് സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല. ചെലവ് തടസ്സപ്പെടുത്തുന്നു | 1-27 |
| 42 | തെരുവുവിളക്ക് അറ്റകുറ്റപ്പണി - ഇലക്ട്രിക് കോൺട്രാക്റ്റ് ലൈസൻസില്ലാത്ത കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തു | 1-28 |
| 43 | തെരുവുവിളക്ക് പരിപാലനം -കൃത്യമായ നിരീക്ഷണസംവിധാനങ്ങളില്ല. | 1-29 |
| 44 | ബോധവൽക്കരണ ക്ലാസ്-ഉത്പാദനപരമല്ലാത്ത ബോധവൽക്കരണപ്രവർത്തനങ്ങൾ അംഗീകരിക്കുന്നില്ല. | 1-30 |
| 45 | ഹരിത കർമ്മസേനയ്ക്ക് വാഹനം വാങ്ങൽ- ടെണ്ടർ നടപടിക്രമങ്ങളിലെ അപാകതകൾ | 1-31 |
| 46 | CFC ഗ്രാന്റിൽ നിന്നും ആവർത്തനചെലവുകൾക്ക് തുക നൽകൽ-സർക്കാർ അനുമതി ലഭ്യമാക്കിയില്ല | 1-32 |
| 47 | വിവിധ നിക്ഷേപപ്രവൃത്തികൾ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-33 |
| 48 | SC വനിതകൾക്ക് ഡ്രൈവിങ്ങ് പരിശീലനം -ലൈസൻസ് ലഭ്യമാക്കിയില്ല | 1-34 |
| 49 | ആശ്രയ പദ്ധതി- വികസനഫണ്ട് തുകകൾ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല | 1-35 |
| 50 | കാർഷികോല്പന്ന ഡ്രയർ യൂണിറ്റ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-36 |
| 51 | കാർഷിക വിപണനകേന്ദ്രം-നബാർഡ് സഹായം നഷ്ടപ്പെടാൻ സാദ്ധ്യത | 1-37 |
| 52 | രാജേന്ദ്രമൈതാനം സ്വാതന്ത്ര്യസമര സ്മാരകം-മതിയായ അനുമതി ലഭ്യമാകാതെ പ്രവൃത്തി ആരംഭിച്ചു | 1-38 |
| 53 | പൊതുമരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ സമയക്രമം പാലിക്കുന്നില്ല -പഞ്ചായത്തിന് അധികച്ചെലവ് | 1-39 |
| 54 | ഇ-ടെണ്ടർ ഫീസ് പഞ്ചായത്തിൽ ലഭിക്കുന്നില്ല | 1-40 |
| 55 | കന്നുകുട്ടി പരിപാലനം - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-41 |
| 56 | തയ്യൽ പരിശീലനം -മെഷീനുകൾ ഉപയോഗപ്രദമല്ലാത്ത അവസ്ഥയിൽ | 1-42 |
| 57 | അഡ്വാൻസ് വാങ്ങിയ ഗുണഭോക്താവ് ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല | 1-43 |
| 58 | ലൈഫ് ഭവന പദ്ധതി അവലോകനം | 1-44 |
| 59 | ആർദ്രം മിഷൻ - ഹെൽത്ത് & വെൽനസ് സെന്റർ അടിസ്ഥാനസൗകര്യമൊരുക്കൽ - നിർവഹണത്തിലെ അപാകതകൾ | 1-45 |
| 60 | മരുന്ന് വാങ്ങൽ പ്രോജക്ടുകൾ - മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല | 1-46 |

| | | |
|---|---|---|
| 61 | സ്മാർട്ട് അങ്കണവാടി- നിർവഹണത്തിലെ അപാകതകൾ | 1-47 |
| 62 | വസ്തുനികുതി പരിഷ്കരണം | 1-48 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | Vacancy | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ചിറക്കടവ് ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 24/07/2023 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് 29/07/2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 ആസ്തികളുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. ILGMS-ൽ ആസ്തി മൊഡ്യൂൾ തയ്യാറാക്കിയ ശേഷം കൃത്യമായി വർഗ്ഗീകരിച്ച ആസ്തികളുടെ വിവരവും മൂല്യവും അക്കൗണ്ട് ചെയ്യേണ്ടതാണ് .

### 1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ് സ്റ്റേറ്റ്മെന്റ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-3 വാർഷിക കണക്കുകളിലെ തുകകളും വിവിധ ഡിമാൻന്റ് രജിസ്റ്റർ/വരവ് രജിസ്റ്ററുകളിൽ സംക്ഷിപ്തം ആയി ചേർത്ത തുകകളും പൊരുത്തപ്പെടുന്നില്ല

1. വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

2. വാടക കുടിശിക/തൻവർഷ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

1-1-4 ഡെപ്പോസിറ്റ്/അഡ്വാൻസ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല

വിവിധ ചെലവുകൾക്കായി മുൻകൂർ നൽകിയ തുകകൾ Other Advances(460100199) എന്ന ശീർഷകത്തിൽ ഒരുമിച്ച് അക്കൗണ്ട് ചെയ്യുകയാണ് ചെയ്യുത്. ബി 18 ഷെഡ്യൂളിലെ 460500501 (Advance To Others) എന്ന ശീർഷകത്തിൽ മുൻവർഷങ്ങളിൽ നൽകിയ 1,230,312/- രൂപ ക്രമീകരിക്കാതെ അവശേഷിക്കുന്നു. തുക സംബന്ധിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തലുകളില്ല.

1-1-5 2022-23 വർഷത്തെ ആസ്തികളുടെ അക്കൗണ്ടിങ്ങിലും ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലും അപാകത

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

1-1-6 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 31/03/2023 ബാലൻസ് ഷീറ്റ് 350300199 ശീർഷകങ്ങളിൽ നിലനിൽക്കുന്നത് എന്തിനം ബാധ്യതയാണെന്നതിൽ വ്യക്തതയില്ല.

1-1-7 അധിക ധനസഹായം തിരിച്ചടച്ചത് തെറ്റായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തു

ലൈഫ് ഭവന പദ്ധതിയിൽ അധികമായി അനുവദിച്ച 58400/- രൂപ ഗുണഭോക്താവ് തിരിച്ചടച്ചത് 190300404 - Prior Period Income ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതിനുപകരം 450100101-Audit Recovery ശീർഷകത്തിൽ അക്കൗണ്ട് ചെയ്തു.

1-1-8 ഫിക്സഡ് ഡെപ്പോസിറ്റ് തുക തെറ്റായി ചേർത്തിരിക്കുന്നു

വാർഷിക ധനകാര്യ പത്രിക പ്രകാരം 420800101 Investments - Fixed Deposits ശീർഷകത്തിൽ 18,328,213.65 രൂപയാണ് ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ബാങ്ക് രേഖകൾ പ്രകാരം തൻവർഷ ബാലൻസ് 19300027.23 രൂപയാണ് .

1-1-9 ബാങ്ക് അക്കൗണ്ടുകൾ ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല

ഹെൽത്ത് ഗ്രാന്റ് നിക്ഷേപിക്കുന്നതിനുള്ള മൂന്ന് ബാങ്ക് അക്കൗണ്ടുകളിൽ ഒരു സീറോ ബാലൻസ് അക്കൗണ്ടും (കാനറാ ബാങ്ക്, അക്കൗണ്ട് നം.110043677540) കോവിഡ് ഗ്രാന്റിനായുള്ള ബാങ്ക് അക്കൗണ്ടും (യൂണിയൻ ബാങ്ക് അക്കൗണ്ട് നം.622102010008039) വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-10 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല

ബി-5 Secured Loans (KURDFC വായ്പ) ഷെഡ്യൂളും ബി-16 Pre-paid Expenses ഷെഡ്യൂളും പൊരുത്തപ്പെടുന്നില്ല. ബി-5 ഷെഡ്യൂൾ പ്രകാരം പഞ്ചായത്തിന്റെ ബാധ്യത 6341496/- രൂപയും ബി-16 ഷെഡ്യൂൾ പ്രകാരം5319910/- രൂപയുമാണ്. അപാകതയ്ക്ക് വിശദീകരണം നല്കാൻ കഴിഞ്ഞിട്ടില്ല.

1-1-11 പൊരുത്തപ്പെടുത്തൽ പത്രിക ലഭ്യമാക്കിയില്ല

RP 40(a), RP 40(b) എന്നിവയിൽ ട്രഷറി ഓൺഫണ്ട് VPFA 1-2 VPFA 1-3 എന്നിവയിൽ യഥാക്രമം 1691572, 1702 രൂപ നീക്കിയിരുപ്പ് ഉണ്ടെങ്കിലും ആയതിന്റെ പാസ്സ്ബുക്ക്, പൊരുത്തപ്പെടുത്തൽ പത്രിക എന്നിവ ലഭ്യമായിട്ടില്ല.

1-1-12 ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല

31/03/2023 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖകൾ(OBRP Data) സൂക്ഷിച്ചിട്ടില്ല.

1-1-13 Prior Period Income/Expenditure - അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.

Prior Period Income/Expenditure വിവരം നോട്ട്സ് ഓൺ അക്കൗണ്ടായി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല.

1-1-14 സ്ഥിരനിക്ഷേപത്തിന്റെ പലിശ അക്കൗണ്ട് ചെയ്തില്ല

കാനറാ ബാങ്ക് അക്കൗണ്ട് നം. 2684401001436/1 പ്രകാരം 15.07.2021 തീയതിയിൽ നിക്ഷേപിച്ച 18328218.23 രൂപയുടെ പലിശയായി ലഭിച്ച 971813.58 രൂപ വാർഷിക ധനകാര്യപത്രികയിൽ 420800101 ഇൻവെസ്റ്റ്മെന്റ്സ് – സ്ഥിരനിക്ഷേപം എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല.

1-2 ബജറ്റ്-വിശകലനം

2022-23 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 25/03/2022 തീയതിയിലെ 4/1-ാം നം. തീരുമാനപ്രകാരം പുതുക്കി അംഗീകരിച്ചു. പ്രതീക്ഷിത ബജറ്റ് പ്രകാരമുള്ള വരവുചെലവു കണക്കുകളും പുതുക്കിയ ബജറ്റ് പ്രകാരമുള്ള കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | ബജറ്റ് സംക്ഷിപ്തം |
|---|---|---|
| മുന്നിരിപ്പ് | 62034685 | 36254942 |
| വരവ് | 346556974 | 96600933 |
| ആകെ | 408591659 | 132855875 |
| ചെലവ് | 389797708 | 100466211 |
| നീക്കിയിരിപ്പ് | 18793951 | 32389664 |

ബജറ്റ് പ്രകാരം 40.86 കോടി രൂപയുടെ പ്രതീക്ഷിത വരവും 38.98 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക (I&E) പ്രകാരം വരുമാനം 17.98 കോടി രൂപയും ചെലവ് 19.46 കോടി രൂപയുമാണ്. മുൻ വർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കാതെ ബജറ്റ് തയ്യാറാക്കിയതുമൂലമാണ് യഥാർത്ഥ കണക്കുകളും ബജറ്റ് പ്രതീക്ഷിത കണക്കുകളും തമ്മിൽ വലിയ അന്തരമുണ്ടായത്. മുന്നിരിപ്പ്-നീക്കിയിരിപ്പ് ബജറ്റിൽ കണക്കാക്കിയതും വലിയ അന്തരത്തിലാണെന്ന് കാണുന്നു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 36254942 |
| ഓഡിറ്റ് വർഷത്തെ വരവ് | 96600933 |
| ആകെ | 132855875 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 100466211 |
| നീക്കിയിരിപ്പ് | 32389664 |

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാ രം

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 179,821,949 |
| ആകെ ചെലവ് | 194,564,487 |
| വരുമാനമിച്ചം | -14,742,538 |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) | 2,018,690 |
| അറ്റ പ്രവർത്തന നഷ്ടം | 16,761,228 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 55,60,496 |

## 1-4 ഗ്രാന്റ് വിനിയോഗം

ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരവും പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയവും (എ.സി.ആർ പ്രകാരമുള്ളത്) പട്ടികയിൽ ഉൾപ്പെടുത്തുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 00 | 20174208+3023792 (Sourcededuction)=23198000 | 23198000 | 21282898 | 1915102 | 91.74 |
| വികസന ഫണ്ട്-SCP | 00 | 4640087+399313(source Deduction)=5039400 | 5039400 | 4546819 | 492581 | 90.22 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | | 4881100 | 4881100 | 8249508 | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | | 7243739 | 7243739 | 7037697 | | |
| മെയിന്റനൻസ് ഗ്രാന്റ്-Road | | 19215000 | 19215000 | 17434508 | 1780492 | 90.73 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | | 7462000 | 7462000 | 6596841 | 865159 | 88.40 |
| National Health Mission(NHM) ഫണ്ട് | | 175400 | 175400 | 9250 | 166150 | 5.27 |
| ആരോഗ്യ ഗ്രാന്റ് (പി.എച്ച്.സി.കളുടെ നവീകരണത്തിനുള്ള തുക) | | 333985 | 333985 | 38081 | 295904 | 11.4 |
| ഐ.സി.ഡി.എസ് | 739329 | 1222350 | 1961679 | 465789 | 1495890 | 23 |

- ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്റ്റായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.
- മെയിന്റനൻസ് ഗ്രാന്റ് റോഡ്/റോഡിതരം എന്നിവയിൽ ലഭിച്ച എല്ലാ തുകകളും ഗ്രാന്റ് പത്രികയിൽ ഉൾപ്പെടുത്താത്തതിനാൽ ആയവ തെറ്റായാണ് പ്രസ്തുത പത്രികയിൽ ഉൾപ്പെട്ടിരിക്കുന്നത്.
- ധനകാര്യകമ്മീഷൻ ഗ്രാന്റ് മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ മുന്നിരിപ്പ്, നീക്കിയിരിപ്പ് വിവരങ്ങൾ ഉൾപ്പെടുത്താൻ കഴിയുന്നില്ല.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച വ്യത്യാസങ്ങളും അക്കൗണ്ടിങ് അപാകതകളും നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകുന്നത്.

## 1-5 പദ്ധതി അവലോകനം

ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 14-ാം പഞ്ചവത്സരപദ്ധതിയിലെ (2022-27) ആദ്യ വാർഷികപദ്ധതിയ്ക്ക് (2022-23) 14-02-2023ൽ ചേർന്ന ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ I.(1).-ാം നമ്പർ തീരുമാനപ്രകാരം അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്. ജില്ലാ ആസൂത്രണസമിതിയുടെ 06-03-2023ലെ 82898/22/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം ഭേദഗതി

നിർദ്ദേശങ്ങളോടെ വാർഷികപദ്ധതിയ്ക്ക് അന്തിമ അംഗീകാരം ലഭിച്ചു. വാർഷികപദ്ധതിയിൽ 116 സ്പിൽഓവർ പ്രോജക്ടുകളും 255 പുതിയ പ്രോജക്ടുകളും ഉൾപ്പെടെ ആകെ 371 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 21,28,52,652/-രൂപയാണ്. വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാരംഭനടപടികളായ ആസൂത്രണസമിതി രൂപീകരണം, വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽ വികസനരേഖ തയ്യാറാക്കൽ, വികസനസെമിനാർ എന്നിവ നിശ്ചിതസമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 10-05-2022 |
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 13-05-2022 |
| ഗ്രാമസഭ | 16-05-2022 മുതൽ 26-5-22 |
| വികസനസെമിനാർ | 08-06-2022 |
| പദ്ധതി അന്തിമമാക്കൽ-ജനറൽ കമ്മറ്റി അംഗീകാരം | 14-02-2023 |

## പദ്ധതിനിർവ്വഹണം

അംഗീകാരം ലഭിച്ച 371 പ്രോജക്ടുകളിൽ 199 എണ്ണം തൻവർഷം നടപ്പാക്കിയിട്ടുണ്ട്. വിവിധ സ്രോതസ്സുകളിൽ നിന്നായി വാർഷികപദ്ധതിയുടെ ആകെ ചെലവ് 10,06,99,311/- രൂപയാണ്. ചെലവ് 47%. പകുതിയോളം പ്രോജക്റ്റുകൾ തൻവർഷം നടപ്പാക്കാതെ പോയത് ആകെ ചെലവ് കുറയാനിടയായി. തനത് ഫണ്ട് 7.51കോടി വകയിരുത്തി തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ ഉൾപ്പെടെയുള്ള നിർവ്വഹണോദ്യോഗസ്ഥരുടെ പ്രോജക്റ്റുകളിൽ 1.98കോടി രൂപ മാത്രമാണ് തൻവർഷം ചെലവഴിച്ചത്. ആയതും ആകെ ചെലവിൽ കുറവ് വരുത്തി. മേല്പറഞ്ഞ വസ്തുതകൾ ഭരണസമിതിയുടെയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും സമഗ്രവിചിന്തനത്തിന് വിധേയമാക്കേണ്ടതാണ്.

## നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി നിർവ്വഹണവും

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥർ | തയ്യാറാക്കിയ പ്രോജക്റ്റുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്റ്റുകളുടെ എണ്ണം | അടങ്കൽ | ചെലവ് | % |
|---|---|---|---|---|---|
| സെക്രട്ടറി | 63 | 38 | 3,07,91,122 | 1,65,92,318 | 54 |
| കൃഷി ഓഫീസർ | 7 | 6 | 22,90,000 | 19,68,500 | 86 |
| വെറ്ററിനറി സർജൻ | 7 | 7 | 44,00,000 | 40,35,370 | 92 |
| മെഡിക്കൽ ഓഫീസർ (പിഎച്ച്സി) | 9 | 9 | 38,26,783 | 27,50,609 | 72 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 1,50,000 | 1,50,000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 3 | 3 | 22,98,710 | 22,98,710 | 100 |
| സബ്ഇൻസ്പെകടർ ഓഫ് ഫിഷറീസ് | 1 | 1 | 3,69,000 | 47817 | 13 |
| വിഇഒ-1 | 8 | 8 | 2,10,28,606 | 1,26,02,888 | 60 |
| വിഇഒ-2 | 12 | 10 | 63,86,126 | 37,18,585 | 58 |
| ഐസിഡിഎസ് സൂപ്പർവൈസർ | 10 | 8 | 74,81,226 | 62,27,563 | 83 |
| ഹെഡ്മാസ്റ്റർ | 3 | 2 | 2,32,000/- | 1,73,294/- | 75 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 233 | 93 | 12,67,16,561 | 4,58,10,631 | 36 |
| ഡയറിഫാം ഇൻസ്ട്രക്ടർ | 3 | 3 | 45,67,339 | 25,98,124 | 57 |
| അസിസ്റ്റന്റ് സെക്രട്ടറി | 11 | 10 | 23,15,179 | 17,24,902 | 75 |

| | | | | | |
|---|---|---|---|---|---|
| ആകെ | 371 | 199 | 21,28,52,652 | 10,06,99,311 | 47 |

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് 54% തുക മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി തയ്യാറാക്കിയ 233 പ്രോജക്റ്റുകളിൽ 93 എണ്ണം മാത്രമാണ് തൻവർഷം നടപ്പാക്കിയത്. ചെലവ് 36% മാത്രം. ആവശ്യാധിഷ്ഠിതമല്ലാതെ പ്രോജക്റ്റുകൾ തയ്യാറാക്കിയതും പ്രോജക്റ്റുകളുടെ ബാഹുല്യവും ആകെ ചെലവിനെ സാരമായി ബാധിച്ചു.

സഞ്ചിതനിധിയിലേയ്ക്ക് 32 ലക്ഷത്തിലധികം രൂപ തിരികെ എടുക്കപ്പെട്ടു

പ്രോജക്റ്റുകൾ നടപ്പാക്കാത്തതിനാലും ട്രഷറി നിയന്ത്രണങ്ങളാൽ സമയബന്ധിതമായി ബില്ലുകൾ മാറാൻ ഗ്രാമപഞ്ചായത്തിന് സാധിക്കാതിരുന്നതിനാലും ചുവടെ ചേർക്കുംപ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | ലാപ്സായ തുക |
|---|---|
| വികസന ഫണ്ട്-ജനറൽ | 1915102 |
| വികസന ഫണ്ട്-SCP | 492581 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 1780492 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 865159 |
| ആകെ | 50,53, 334/- |

മോണിറ്ററിംഗ്

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്റ്റുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്റ്റുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2022-23 വർഷം 73 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. തൻവർഷം ലേബർ ബജറ്റ് പ്രകാരം 225 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 141 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 108 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. 39987 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 693 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി ജല സംരക്ഷണ പ്രവൃത്തി, തോട് ആഴം കൂട്ടൽ, തരിശ്ഭൂമി കൃഷിയോഗ്യമാക്കൽ തുടങ്ങിയ പ്രോജക്റ്റുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. വാർഷിക കണക്ക് പ്രകാരമുള്ള തുകകൾ കാഷ് ബുക്ക് പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല. ക്യാഷ് ബുക്ക് പ്രകാരമുള്ള 2022-23 വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 310453.38 |
| വരവ് | ഇ എഫ് എം എസ് വരവ് | 19923716 | 20860379 |
| | ക്യാഷ് വരവ് (പലിശ ഉൾപ്പെടെ ) | 936663 | |
| ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | | | 21170832.38 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 12445257 | 20529721 |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം | 1905340 | |
| | ഉപകരണങ്ങളുടെ വില, വാടക | 5573119 | |
| | ഭരണ ചെലവുകൾ (ബാങ്ക് ചാർജ്ജ് ഉൾപ്പെടെ) | 606005 | |

| | |
|---|---|
| നീക്കിയിരിപ്പ് | 641111.38 |

## 1-7 ക്ഷേമ പദ്ധതികൾ

ഓഡിറ്റ് വർഷം, വിവിധ ക്ഷേമ പദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 33799800 | 3306 |
| കർഷക തൊഴിലാളി പെൻഷൻ | 1572200 | 162 |
| വിധവ പെൻഷൻ | 12256000 | 1255 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 552400 | 57 |
| വികലാംഗ പെൻഷൻ | 3840200 | 369 |
| തൊഴിൽ രഹിത വേതനം | 8400 | 7 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 240000 | 6 |

## 1-8 ക്യാഷ്ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 11/09/2023-ന് 03:30 PM സമയത്ത് ഓഫീസ് മേധാവിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 61,586/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സാമാന്യം തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനം നിയന്ത്രിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. 2022-23 സാമ്പത്തിക വർഷം ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ലോൺ രജിസ്റ്റർ, വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന ഫണ്ടിന്റെ വിനിയോഗം നിരീക്ഷിക്കുന്ന എ.സി.ആർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.01.2023 | 2021-22 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.03.2017 മുതൽ 20.03.2017 വരെ | 2014-15 മുതൽ 2015-16 വരെ | എൽബിഎ (എച്ച് ക്യൂ) II/I/8എ-2594/ 17-18/22 തീയതി 03.05.2017 |

## 1-11 ബാങ്കിൽ നിക്ഷേപിച്ച ചെക്കുകൾ ക്രെഡിറ്റാകാതെ അവശേഷിക്കുന്നു

ബാങ്ക് അക്കൗണ്ടുകളുടെ 2023 മാർച്ച് മാസത്തെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ മൂന്ന് മാസത്തിലേറെയായിട്ടും ബാങ്കിൽ ക്രെഡിറ്റ് ആകാത്ത ചെക്കുകൾ താഴെപ്പറയും പ്രകാരം നിലനിൽക്കുന്നതായി കാണുന്നു. (ചെക്ക് നമ്പർ പൂർണ്ണമായും ഉൾപ്പെടുത്തിയിട്ടില്ല).

| ബാങ്ക് അക്കൗണ്ട് | ചെക്ക് നം. | തീയതി | തുക |
|---|---|---|---|
| തനത് ഫണ്ട് എസ്.ബി.ഐ, പൊൻകുന്നം ബ്രാഞ്ച് (33730360413) | 32100226 | 15-03-2022 | 7,200 |
| | - | 17-02-2022 | 6,788 |
| | - | 09-08-2021 | 1,250 |
| | 463017 | 01-07-2021 | 24,680 |
| | - | 15-01-2022 | 2,000 |
| | - | 31-03-2022 | 25,000 |
| | 0557642 | 09-06-2021 | 19,500 |
| | ആകെ തുക | | 86,418 |

കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 22 പ്രകാരം ഏതെങ്കിലും ചെക്ക് ബാങ്ക് സ്വീകരിക്കാതെ മടക്കുകയാണെങ്കിൽ ചെക്ക് നൽകിയ ആളെ ചെക്ക് മടങ്ങിയ വിവരം അറിയിച്ച് ബാങ്ക് ചാർജ്ജ് അടക്കമുള്ള തുക ഈടാക്കേണ്ടതും, രസീതിന്റെ ഓഫീസ് കോപ്പി റദ്ദ് ചെയ്യേണ്ടതും മടക്കിയ ചെക്ക് സെക്രട്ടറി സൂക്ഷിക്കേണ്ടതുമാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (19/18.09.2023) മറുപടി ലഭ്യമാക്കിയില്ല. മേൽ വിഷയത്തിൽ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 1-12 വസ്തുനികുതി വേക്കൻസി റെമിഷൻ അനുവദിച്ചത് - നടപടിക്രമങ്ങളിലെ അപാകതകൾ

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 21(1) പ്രകാരം ഏതെങ്കിലും കെട്ടിടം ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേക്ക് തുടർച്ചയായി 4-ാം ചട്ടത്തിൽ പരാമർശിക്കുന്ന ഒരാവശ്യത്തിനും ഉപയോഗിക്കപ്പെടാതെ ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ, ഒഴിഞ്ഞു കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി, വാർഷിക നികുതിയുടെ പകുതിയിൽ കവിയാത്ത തുക സെക്രട്ടറിക്ക് ഇളവ് ചെയ്തു കൊടുക്കാവുന്നതാണ്. ചട്ടം(2) (എ) പ്രകാരം കെട്ടിട ഉടമയോ, അയാളുടെ ഏജന്റോ.- (I) ആ കെട്ടിടം ഒഴിഞ്ഞു കിടക്കുകയാണെന്നോ; അല്ലെങ്കിൽ (Ii) ആ കെട്ടിടം ഏത് തീയതി മുതൽ ഒഴിഞ്ഞ് കിടക്കുമെന്നോ എന്നുള്ളതിലേക്ക് സെക്രട്ടറിക്ക് നോട്ടീസ് കൊടുത്തിട്ടില്ലായെങ്കിൽ, (1)-ാം ഉപചട്ടപ്രകാരം സെക്രട്ടറി നികുതി ഇളവ് ചെയ്തു കൊടുക്കുവാൻ പാടില്ലാത്തതാകുന്നു.

മേൽ ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിലെ വിവിധ കെട്ടിടങ്ങൾക്ക് 2020-21 വർഷം മുതൽ വസ്തുനികുതി വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിലെ 2(ബി) (1)-ാം ഉപചട്ടപ്രകാരം നികുതി ഇളവ് ചെയ്തു കിട്ടുന്നതിനുള്ള കാലം കണക്കാക്കേണ്ടത്, ആ ആവശ്യത്തിനുള്ള നോട്ടീസ് നൽകിയ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞ് കിടന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ, ആ തീയതി മുതൽ കണക്കാക്കേണ്ടതാകുന്നു. (എ) ഖണ്ഡപ്രകാരമുള്ള ഏതൊരു നോട്ടീസിന്റെയും കാലാവധി അത്, ഏത് അർദ്ധ വർഷത്തെ സംബന്ധിച്ചാണോ നൽകുന്നത്, ആ അർദ്ധവർഷത്തോടുകൂടി അവസാനിക്കുന്നതും അതിന് ശേഷം അതിന് യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുന്നതും ആണെന്ന് 2(സി) ഉപചട്ടത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വേക്കൻസി റെമിഷന് അപേക്ഷ നൽകുന്ന തീയതി പരിഗണിക്കാതെ ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങൾക്ക് മുൻ അർദ്ധവർഷങ്ങളിലെ ഉൾപ്പെടെ 304116/- രൂപയുടെ വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി (അനുബന്ധം 3) ചേർത്തിട്ടുണ്ട്.

ഇതു സംബന്ധിച്ച വിശദീകരണം ആരാഞ്ഞ് 20/18.9.2023 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ വാണിജ്യാവശ്യത്തിനുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ നിരവധി മുറികൾ വാടകയ്ക്ക് പോകാതെ ഒഴിവായി കിടക്കുന്നതിനാൽ നികുതിദായകർ നികുതി അടയ്ക്കുന്നതിന് വിമുഖത കാണിക്കുന്നുവെന്നും എന്നാൽ വേക്കൻസി റെമിഷന് സമയബന്ധിതമായി അപേക്ഷ സമർപ്പിക്കുവാൻ നികുതിദായകർ മുതിരാറില്ലെന്നും അറിയിച്ചു. വസ്തുനികുതി അടയ്ക്കുന്നതിനായി നോട്ടീസ് മുഖേനയും ഫോണിൽക്കൂടിയും അറിയിപ്പ് നൽകുകയും നേരിട്ട് ബന്ധപ്പെടുകയും ചെയ്താലും നികുതി ഒടുക്കാത്ത സാഹചര്യങ്ങളിലാണ് വേക്കൻസി റെമിഷന് അപേക്ഷ വാങ്ങി പരിശോധന നടത്തി ഇളവ് അനുവദിക്കുന്നതെന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സാമ്പത്തികവർഷത്തിന്റെ അവസാനഘട്ടത്തിൽ നികുതി പിരിവ് എന്ന ലക്ഷ്യം നേടുന്നതിന് വേണ്ടിയുള്ള പ്രയത്നത്തിൽ ഭരണസമിതിയുടെ അനുവാദത്തോടെ യഥാർത്ഥത്തിൽ ഒഴിവായി കിടക്കുന്ന കെട്ടിടങ്ങളുടെ മാത്രമാണ് ഇളവ് ചെയ്തിട്ടുള്ളതെന്ന് അറിയിച്ചിട്ടുണ്ട്. വേക്കൻസി റെമിഷൻ

അനുവദിക്കുന്ന അവസരങ്ങളിൽ ചട്ടങ്ങൾ കൃത്യമായി പാലിച്ച് സ്ഥാപനത്തിന് നഷ്ടം സംഭവിക്കുന്ന സാഹചര്യം ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 വസ്തുനികുതി നിർണ്ണയിക്കുന്നതിലെയും ചുമത്തുന്നതിലെയും അപാകതകൾ

ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുന്നതിലും ചുമത്തുന്നതിലും നിരവധി അപാകതകൾ ഉള്ളതായി സഞ്ചയ സോഫ്റ്റ് വെയറിന്റെ പരിശോധനയിൽ കണ്ടു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

- ഗ്രാമപഞ്ചായത്തിലെ നാലാംവാർഡിൽ സ്ഥിതി ചെയ്യുന്ന കോടതി കോംപ്ലക്സിൽ പ്രവർത്തിക്കുന്ന ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി I, II എന്നിവയുടെ വസ്തുനികുതി നിർണ്ണയവിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടില്ല
- വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ ആകെ വിസ്തീർണ്ണം കൃത്യമായി കണക്കാക്കാതെ മുറികളുടെ മാത്രം വിസ്തീർണ്ണം കണക്കാക്കിയതിനാൽ തെറ്റായ ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

| ഉടമസ്ഥന്റെ പേര് | വാർഡ് കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ. ) | ഉപയോഗക്രമം |
|---|---|---|---|
| ഡോ.ഗോപീകൃഷ്ണൻ, പുന്നാംപറമ്പിൽ | 4/54E | 127 | വാണിജ്യാവശ്യത്തിനുള്ളവ-100ച.മീ.മുകളിൽ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ |
| | 4/54F | 127 | |
| | 4/54G | 127.78 | |
| | ആകെ | 381.78 | |
| ശ്രീ.ജോണി തോമസ്, വെള്ളാപ്പാണിയിൽ | 5/839D | 409.72 | വാണിജ്യാവശ്യത്തിനുള്ളവ-100ച.മീ.മുകളിൽ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ |
| | 5/839E | 289.89 | |
| | 5/839H | 366.95 | |
| | ആകെ | 1056.56 | |
| ശ്രീ.ജേക്കബ് തോമസ്, ശ്രീ.റെജി തോമസ്, പുതുപ്പള്ളിൽ | 2/622A | 176.38 | വാണിജ്യാവശ്യത്തിനുള്ളവ-100ച.മീ.മുകളിൽ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ |
| | 2/622B | 266.21 | |
| | ആകെ | 442.59 | |

- വ്യവസായ ആവശ്യത്തിനുള്ള – കൈത്തറിഷെഡ്, കയർപിരി ഷെഡ് എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുത്തിയ കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിന്റെ കൃത്യത പരിശോധിച്ചതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വാർഡ്/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | ഉപയോഗക്രമം | വിസ്തീർണ്ണം (ച.മീ. ) |
|---|---|---|---|
| 4/81B | ശ്രീമതി.എം.എൻ കമലമ്മ, പുന്നാംപറമ്പിൽ | ലൈവ് സ്റ്റോക്ക് ഷെഡ് | 223.58 |
| 6/53A | ശ്രീ.ദാമോദരൻപിള്ള, കുറിയണ്ണൂർ തെക്കേതിൽ | ഇഷ്ടികച്ചൂള | 180.98 |

ഇതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.18/18.09.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി ജീവനക്കാരെ നിയോഗിച്ച് ഫീൽഡ് പരിശോധന നടത്തി കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിന്റെ കൃത്യത ഉറപ്പുവരുത്തി വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്.

## 1-14 തൊഴിൽനികുതി - നിർണ്ണയത്തിലെയും ഡിമാൻഡ് ചെയ്യുന്നതിലെയും അപാകതകൾ

### സ്ഥാപനങ്ങളുടെ ടേണോവറിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകൾ, കള്ളുഷാപ്പുകൾ, ആധാരം എഴുത്തുസ്ഥാപനങ്ങൾ, സിവിൽ കൺസ്ട്രക്ഷൻ സ്ഥാപനങ്ങൾ, മോട്ടോർ ഡ്രൈവിംഗ് സ്കൂളുകൾ എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങളിൽനിന്ന് സ്ഥാപനങ്ങളുടെ ടേണോവറിന്റെ അടിസ്ഥാനത്തിൽ തൊഴിൽനികുതി ഈടാക്കുന്നില്ലെന്നു കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. ഷൈൻ എഞ്ചിനീയേഴ്സ്, പൊൻകുന്നം

2. ബിൻസ് കൺസ്ട്രക്ഷൻ, പൊൻകുന്നം
3. ഭാരത് കൺസ്ട്രക്ഷൻ, പൊൻകുന്നം
4. അബാക്കസ് അസോസിയേറ്റ്സ്, പൊൻകുന്നം
5. കുമാർ കൺസ്ട്രക്ഷൻ, പൊൻകുന്നം
6. സിറ്റി എഞ്ചിനീയേഴ്സ്, പൊൻകുന്നം
7. ഹോം ചാപ്റ്റേഴ്സ്, പൊൻകുന്നം
8. റീച്ച് പ്ലാൻസ് & എസ്റ്റിമേറ്റ്, പൊൻകുന്നം
9. ഡ്രീം ഹോം കൺസ്ട്രക്ഷൻ, പൊൻകുന്നം
10. കെ.എസ്.ഈപ്പൻ മെമ്മോറിയൽ കിളിരൂപ്പറമ്പിൽ ആധാരം ഓഫീസ്, പൊൻകുന്നം
11. മൈത്രി എന്റർപ്രൈസസ്, പൊൻകുന്നം
12. നാഷണൽ മോട്ടോർ ഡ്രൈവിംഗ് സ്കൂൾ
13. ബിസ്മി മോട്ടോർ ഡ്രൈവിംഗ് സ്കൂൾ
14. സെന്റ് ജൂഡ്, മോട്ടോർ ഡ്രൈവിംഗ് സ്കൂൾ
15. വിക്ടറി, മോട്ടോർ ഡ്രൈവിംഗ് സ്കൂൾ
16. എം.എം.ഡി.എസ്, മോട്ടോർ ഡ്രൈവിംഗ് സ്കൂൾ

ഗ്രാമപഞ്ചായത്തിലെ മരോട്ടിച്ചുവട് എന്ന സ്ഥലത്തെ കള്ളുഷാപ്പിന്റെ മാത്രമാണ് തൊഴിൽനികുതി ഈടാക്കിയിട്ടുള്ളത്.

ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിക്കുന്ന ഗവ. പ്ലീഡർമാർ, അഡ്വക്കേറ്റ്സ്, അഡ്വക്കേറ്റ്സ് ക്ലാർക്കസ് എന്നിവരിൽനിന്ന് തൊഴിൽനികുതി ഈടാക്കുന്നില്ല. കൂടാതെ, ഗ്രാമപഞ്ചായത്തിലെ തൊഴിൽനികുതി, ലൈസൻസ് എന്നിവ സംബന്ധിച്ച രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ലെന്നു കാണുന്നു.

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| കെ.എസ്.ടി.പി.ഡിവിഷൻ, പൊൻകുന്നം | 2 |
| മുൻസിഫ് കോർട്ട് ക്ലാർക്ക് | 2 |
| പാലക്കുന്നം എസ്റ്റേറ്റ് | 2 |
| ജനറൽ ഹോസ്പിറ്റൽ- ഡോക്ടർമാർ | 2 |
| ജനറൽ ഹോസ്പിറ്റൽ- എൻ.ടി.ഇ.പി | 2 |
| മധുര മൈക്രോഫിനാൻസ് | 2 |
| റിലയൻസ് റീട്ടയിൽ | 2 |
| എൻ.ആർ.ഇ.ജി.എ, ഗ്രാമപഞ്ചായത്ത് | 2 |
| കെ.എസ്.ഇ.ബി. എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ബ്രാഞ്ച് മാനേജർ | 2 |
| ചെറുവള്ളി ദേവീക്ഷേത്രം | 2 |
| മാർ അപ്രേം മെഡിക്കൽ സെന്റർ, ചിറക്കടവ് | 1 &2 |
| ഡിവൈൻ ഡെന്റൽ ക്ലിനിക് | 1 &2 |
| സ്വദേശ് റെയിഡൻസി & ടൂറിസ്റ്റ് ഹോം | 1 &2 |
| ഇൻഫന്റ് ജീസസ് സൂപ്പർമാർക്കറ്റ് | 1 &2 |
| സെന്റ് ആന്റണീസ് സ്റ്റോഴ്സ്, പൊൻകുന്നം | 1 &2 |
| ഫോറിൻകറൻസി എക്സ്ചേഞ്ച്, വാർഡ് | 1 &2 |
| കൊച്ചിൻ സാനിവെയേഴ്സ് | 1 &2 |
| ഡി.ഡി.ആർ.സി. ഡയഗ്നോസ്റ്റിക്സ്, കുന്നംഭാഗം | 1 &2 |
| അത്തിയാലിൽ ടെക്സ്റ്റൈൽസ് | 1 &2 |
| അമല ഭാരത് ഗ്യാസ് | 1 &2 |

| | |
|---|---|
| ശാന്തി ഡെന്റൽക്ലിനിക് | 1 &2 |
| ക്രൗൺ ജ്വവലേഴ്സ് | 1 &2 |
| സൂര്യകാന്തി ആയുർവേദ ഹോസ്പിറ്റൽ | 1 &2 |
| അമല ആയുർവേദ ഹോസ്പിറ്റൽ | 1 &2 |
| പ്രോവിഡൻസ് ഡെന്റൽ ക്ലിനിക് | 1 &2 |

ഇതുസംബന്ധിച്ച വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കുന്നതിന് 14/18-09-2023 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളും ജീവനക്കാരും തൊഴിൽനികുതി നിർണ്ണയത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും നികുതി ഒടുക്കുന്നുവെന്നും ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

## 1-15 വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിന്റെ കെട്ടിടങ്ങളുടെ നിർമ്മാണം ക്രമവൽക്കരിച്ചത്- ടൗൺ പ്ലാനറുടെ നിർദ്ദേശം പാലിച്ചില്ല

ഗ്രാമപഞ്ചായത്തിന്റെ 9-വാർഡിൽ പ്രവർത്തിക്കുന്ന എസ്.ആർ.വി.എൻ.എസ്.എസ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിന്റെ കെട്ടിടങ്ങളുടെ നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് ശ്രീ.അനിൽകുമാർ എം.കെ, മാനേജർ സമർപ്പിച്ച അപേക്ഷ പ്രകാരം പ്രസ്തുത നിർമ്മാണം ക്രമവൽക്കരിച്ച് കെട്ടിടങ്ങൾക്ക് നമ്പർ നൽകിയിട്ടുണ്ട്. 24.12.2022ൽ ജില്ലാ നഗരാസൂത്രകൻ നിബന്ധനകൾക്ക് വിധേയമായി നൽകിയ അനുമതിയിൽ ചിറക്കടവ് വില്ലേജിൽ ബ്ലോക്ക് നമ്പർ 17ൽ റീസർവ്വേ നമ്പർ 52/7ൽ 6800 ച.മീ. (68ആർ) പ്ലോട്ടിൽ നിലവിലുള്ള എസ്.ആർ.വി.എൻ.എസ്.എസ് ഹൈസ്കൂളിന് അനുബന്ധമായി നിർമ്മാണം പൂർത്തിയാക്കിയതും ക്രമവൽക്കരിക്കേണ്ടതുമായ രണ്ടുനിലയുള്ള ക്ലാസ് റൂം ബ്ലോക്ക്, ലൈബ്രറി, കിച്ചൻ ഷെഡ്, ടോയ്‌ലറ്റ് എന്നീ കെട്ടിടങ്ങളുടെ ആകെ വിസ്തീർണ്ണം 2056.02ച.മീ., പ്ലോട്ടിലെ മറ്റ് കെട്ടിടങ്ങളുടെ വിസ്തീർണ്ണം 2748.16ച.മീ. ആണെന്നും വ്യക്തമാക്കിയിരുന്നു. പ്ലോട്ടിൽ നിലവിലുള്ള കെട്ടിടങ്ങളെല്ലാം അംഗീകൃതമായിരിക്കണമെന്ന് ടി ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ ടി അനുമതി ഉത്തരവിൽ പരാമർശിച്ച പ്രകാരം പ്ലോട്ടിൽ സ്ഥിതിചെയ്യുന്ന മറ്റ് കെട്ടിടങ്ങൾ അംഗീകൃതമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ സഞ്ചയ സോഫ്റ്റ്‌വെയറിൽ വിദ്യാഭ്യാസാവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളുടെ ലിസ്റ്റിൽ എസ്.ആർ.വി.എൻ.എസ്.എസ് ഹൈസ്കൂൾ, വി.എച്ച്.എസ്.ഇ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| വാർഡ്/ കെട്ടിട നമ്പർ | വിസ്തീർണ്ണം | കുറിപ്പുകൾ |
|---|---|---|
| 9/54 | 450 | എസ്.ആർ.വി.എൻ.എസ്.എസ് ഹൈസ്കൂൾ |
| 9/54A | 1676.97 | എസ്.ആർ.വി.എൻ.എസ്.എസ് വി.എച്ച്.എസ്.ഇ |
| 9/54B | 220.82 | |
| 9/54C | 80.53 | |
| 9/54D | 36.61 | |
| ആകെ | 2464.93 | |

ടി അപാകതകൾ സംബന്ധിച്ച വിശദീകരണം ബന്ധപ്പെട്ട രേഖകൾ സഹിതം ലഭ്യമാക്കുവാൻ 15/18.9.2023 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയതിന് അപേക്ഷകന്റെ ആവശ്യപ്രകാരമാണ് പുതിയ കെട്ടിടങ്ങൾക്ക് മാത്രം നമ്പർ അനുവദിച്ച് നൽകിയതെന്നും ജില്ലാ നഗരാസൂത്രകന്റെ നിബന്ധനകൾക്ക് വിധേയമായി നിലവിലുള്ള കെട്ടിടത്തിന്റെ അളവ് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ടി വിഷയത്തിന്മേൽ തുടർനടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

## 1-16 വിനോദനികുതി പിരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല

സംസ്ഥാനത്തെ സിനിമാ തിയേറ്ററുകളിലെ നൂറു രൂപയിൽ കുറവുള്ള ടിക്കറ്റിന് അഞ്ചു ശതമാനവും നൂറുരൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5ശതമാനവും വിനോദനികുതി ഈടാക്കുന്നതിന് സ.ഉ.(കൈ) നം.112/2019/ത.സ്വ.ഭ.വ. തീയതി 31.08.2019 പ്രകാരം നിർദ്ദേശമുണ്ട്. 01.09.2019 മുതലാണ് ഇതിന് പ്രാബല്യം. ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിനനുസൃതമായി പിരിച്ചെടുത്ത നികുതി തൊട്ടടുത്ത മാസം മൂന്നാം തീയതിക്കുള്ളിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നും പ്രസ്തുത ഉത്തരവിൽ നിഷ്കർഷിക്കുന്നു. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന തിയേറ്ററിൽനിന്ന് വിനോദനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നുവെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടില്ലെന്ന് വാർഷിക

ധനകാര്യപത്രിക വ്യക്തമാക്കുന്നു. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന തിയേറ്ററിൽ നിന്ന് വിനോദനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1- 17 ലേലം ചെയ്ത് നൽകിയ മണ്ണ് കെട്ടിട നിർമ്മാണ സൈറ്റിൽ നിന്നും നീക്കം ചെയ്തില്ല

പ്രൈമറി ഹെൽത്ത് സെന്റർ, പടനിലത്തിന് ബഹു. കാഞ്ഞിരപ്പള്ളി എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പഞ്ചായത്തിന്റെ കൈവശമുള്ള സ്ഥലത്ത് നിർമ്മാണത്തിന് വേണ്ടി സൈറ്റ് ക്ലിയർ ചെയ്തപ്പോൾ ലഭ്യമായ ഏകദേശം 1575 ഘനമീറ്റർ മണ്ണ് പ്രസ്തുത സ്ഥലത്ത് നിന്നും നീക്കം ചെയ്താൽ മാത്രമേ കെട്ടിടം പണികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂവെന്നും ആയതിനാൽ മണ്ണ് നീക്കം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്നുമാവശ്യപ്പെട്ട് അസിസ്റ്റന്റ് എൻജിനീയർ, പി.ഡബ്ല്യു.ഡി (ബിൽഡിംഗ് സെക്ഷൻ) രണ്ട് കത്തുകൾ ലഭ്യമാക്കുകയും (ലെറ്റർ നമ്പർ 5452/20, തീയതി 24.02.2022, 15.03.2022) അതേത്തുടർന്ന് ടി മണ്ണിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിനായി പഞ്ചായത്ത് കമ്മറ്റിയുടെ 09.05.2022 ലെ 7(1) നമ്പർ തീരുമാനപ്രകാരം എൽ.എസ്.ജി.ഡി, അസിസ്റ്റന്റ് എൻജിനീയറെ ചുമതലപ്പെടുത്തി തീരുമാനം എടുക്കുകയും ചെയ്തു. ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എൻജിനീയർ മൂല്യനിർണ്ണയം നടത്തിയില്ല

മണ്ണിന്റെ വില നിശ്ചയിക്കുവാനായി അസിസ്റ്റന്റ് എൻജിനീയറെ പഞ്ചായത്ത് കമ്മിറ്റി ചുമതലപ്പെടുത്തി. എന്നാൽ റേറ്റ് നിശ്ചയിക്കാതെ ലോക്കൽ മാർക്കറ്റ് റേറ്റ് ക്വട്ടേഷൻ മുഖാന്തിരം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് 17.06.2022 ൽ പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകുകയാണ് അസിസ്റ്റന്റ് എൻജിനീയർ ചെയ്തിട്ടുള്ളത്. Morth, MorD പ്രകാരം മണ്ണിന്റെ (Earth) നിരക്ക് എ.ഇ നിശ്ചയിച്ച് നൽകേണ്ടതായിരുന്നു. ഉത്തരവാദിത്തം നിറവേറ്റുന്നതിൽ എൽ.എസ്.ജി.ഡി.അസിസ്റ്റന്റ് എൻജിനീയർക്ക് വീഴ്ച സംഭവിച്ചിട്ടുണ്ട്.

മൂല്യനിർണ്ണയം നടത്താതെ ലേലം നടത്തി

എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എൻജിനീയറുടെ കത്ത് 21.06.2022ൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്യുകയും ക്വട്ടേഷൻ മുഖേന നിരക്ക് ലഭ്യമാക്കി വാല്യുവേഷൻ എടുക്കണമെങ്കിൽ കാലതാമസം നേരിടുമെന്നും ആയതിനാൽ ഓപ്പൺ ലേലം നടത്തുന്നതിനായി 1 (1) നമ്പരായി തീരുമാനമെടുക്കുകയും ചെയ്തു. അസിസ്റ്റന്റ് എൻജിനീയറുടെ വാല്യുവേഷൻ ഇല്ലാതെ മണ്ണ് ലേലം ചെയ്തു നല്കുന്നതിനായി പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തത് നടപടിക്രമങ്ങളിലെ വീഴ്ചയാണ്. ഇത് സംബന്ധിച്ച് സെക്രട്ടറി വിയോജനം രേഖപ്പെടുത്തിയതായി ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ കാണുന്നില്ല. 1575 M3 മണ്ണിന് 300000/- രൂപ അടിസ്ഥാന വില നിശ്ചയിച്ചാണ് ലേലം ആരംഭിച്ചത്. എന്തടിസ്ഥാനത്തിലാണ് ഇപ്രകാരം വില നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമല്ല. മണ്ണിന്റെ അടിസ്ഥാന വില നിശ്ചയിച്ച് ലേലം ചെയ്തത് ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. ആയത് ചട്ടപ്രകാരം നിർവ്വഹിക്കേണ്ടത് അസിസ്റ്റന്റ് എഞ്ചിനീയറാണ്. അസിസ്റ്റന്റ് എൻജിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ ലേലം നടത്തേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. ഇക്കാര്യത്തിൽ പഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്ത് നിന്നും വീഴ്ച്ച ഉണ്ടായതായി കാണുന്നു.

ലേലത്തുകയിന്മേൽ ജി എസ് ടി അടവാക്കിയില്ല

3,00,000/- രൂപയിൽ തുടങ്ങിയ ലേലം 3,00,500/- രൂപയ്ക്ക് ശ്രീ. ഗിരീഷ് ചന്ദ്രൻ എന്നയാൾക്ക് ഉറപ്പിക്കുകയാണുണ്ടായത്. 1220102740/10.08.2022, 1220102743/10.08.2022, 1220103102/31.08.2022 രസീതുകൾ പ്രകാരം 3,00,500/- രൂപയും കരാറുകാരൻ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ മണ്ണ് ലേലം ചെയ്ത വകയിൽ 5% ജി എസ് ടി ഈടാക്കേണ്ടതായിരുന്നു. ജി എസ് ടി ഈടാക്കാത്തതുമൂലം സർക്കാരിന് 15025/- രൂപയുടെ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്.

ലേലം നടന്ന് നാളിതുവരെയും മണ്ണ് നീക്കം ചെയ്തില്ല .



കെട്ടിട നിർമ്മാണ സ്ഥലത്ത് 1575 ഘനയടി (3150 മെട്രിക്ക് ടൺ) സാധാരണ മണ്ണാണ് നീക്കം ചെയ്യുവാനുള്ളത്. 2015 ലെ മൈനിങ്ങ് മിനറൽസ് കൺസഷൻ ചട്ടങ്ങൾ പ്രകാരം ആയതിന് 63000/- രൂപ (40 രൂപ/ ഘനയടി) റോയൽറ്റി ഇനത്തിലും കൂടാതെ റെവന്യൂ (പി) വകുപ്പിന്റെ 10.08.22 ലെ SRO794/2022 നമ്പർ ഗസറ്റ് വിജ്ഞാപനപ്രകാരമുള്ള സീനിയറേജ് തുകയായ മെട്രിക് ടണ്ണിന് 50 രൂപ നിരക്കിൽ 3150 മെട്രിക് ടണ്ണിന് ആകെ 157500/- രൂപയും 0029-107-99 അക്കൗണ്ട് ശീർഷകത്തിൽ ഒടുക്ക് വരുത്തേണ്ടതായിരുന്നു. എന്നാൽ കരാറുകാരനായ ശ്രീ. ഗിരീഷ് ചന്ദ്രൻ ടി തുകകൾ അടയ്ക്കാതിരുന്നതിനാൽ നിലവിൽ മണ്ണ് മാറ്റുന്നതിനായി മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിൽ നിന്നും അനുമതി ലഭിച്ചിട്ടില്ല. സീനിയറേജ് തുക വ്യക്തമായി ലേല നടപടികളിൽ സൂചിപ്പിച്ചിട്ടില്ലെന്നും വലിയ തുക സീനിയറേജായി അടയ്ക്കേണ്ടി വരുന്നതിനാൽ നഷ്ടം സംഭവിക്കുമെന്നും



ആയതിനാൽ ലേല നടപടികളിൽ നിന്നും ഒഴിവാക്കി ലേലത്തുക തിരികെ നല്കണമെന്നമാവശ്യപ്പെട്ട് കരാറുകാരൻ 04.11.2022 തീയതിയിൽ പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ 24.06.2022 തീയതിലിലെ C/2268 /24.06.2022 നമ്പർ ലേല നോട്ടീസിൽ സീനിയറേജ് ചാർജ് , റോയൽറ്റി ചാർജ് എന്നിവ ലേലം ഉറപ്പിക്കുന്നവർ അടയ്ക്കേണ്ടതാണെന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ളതാണ്.

സീനിയറേജ് തുക ഒഴിവാക്കി നൽകണമെന്നാവശ്യപ്പെട്ട് പഞ്ചായത്ത് സെക്രട്ടറി, ബഹു. ജില്ലാ കളക്ടർക്ക് SC2/2268/22, തീയതി 22.11.2022 പ്രകാരം കത്ത് നൽകിയിരുന്നു. ആയതിന് മറുപടിയായി ടി സ്ഥലത്തുനിന്നും നീക്കം ചെയ്യുന്ന മണ്ണ് വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് ആകയാൽ സീനിയറേജ് ഒഴിവാക്കുവാൻ സാധിക്കില്ലെന്നാണ് ബഹു. ജില്ലാ കളക്ടർ അറിയിച്ചിട്ടുള്ളത്. നിർമ്മാണ സ്ഥലത്തുനിന്നും മണ്ണ് നീക്കം ചെയ്യാത്തതിനാൽ നിലവിൽ കെട്ടിട നിർമ്മാണം മുടങ്ങിയ അവസ്ഥയിലാണുള്ളത്. 18.09.2023 തീയതിയിൽ സൈറ്റിൽ നടത്തിയ ഭൗതിക പരിശോധനയിൽ മണ്ണ് കൂട്ടിയിട്ടിരിക്കുന്ന ഭാഗം കാട് കയറി കിടക്കുന്നതായാണ് കണ്ടത്. സൈറ്റിൽ നിന്നും അടിയന്തിരമായി മണ്ണ് നീക്കം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ എൻക്വയറിക്ക് (01/13.09.2023) മറുപടി ലഭ്യമാക്കി. നിലവിൽ എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായുള്ള '4-ാം വാർഡിൽ കളിക്കളം നിർമ്മാണം' എന്ന പദ്ധതിയിലേക്ക് ടി മണ്ണ് മാറ്റുന്നതിനായാണ് തീരുമാനിച്ചിരിക്കുന്നത്. പഞ്ചായത്തിന്റെ ആവശ്യത്തിന് മണ്ണ് മാറ്റുന്നതിനാൽ ബഹു. ജില്ലാ കളക്ടറുടെ അനുമതിയോടുകൂടി സീനിയറേജ് ചാർജ് ഒഴിവാക്കുന്നതിനായുള്ള തുടർനടപടികൾ സ്വീകരിക്കുന്നതും മണ്ണ് മാറ്റുന്ന മുറയ്ക്ക് കരാറുകാരനിൽ നിന്നും ജി.എസ്.ടി ഈടാക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. എം.എൽ.എ ഫണ്ട് ലാപ്സായി പോവുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്. സൈറ്റിൽ നിന്നും അടിയന്തിരമായി മണ്ണ് നീക്കം ചെയ്ത് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-18 ബസ് സ്റ്റാൻഡ് ഫീസ് പിരിവ് -കുടിശിക തുക ഈടാക്കിയില്ല

1995 ലെ കേരള പഞ്ചായത്ത് രാജ് (ഇറക്കു സ്ഥലങ്ങൾ, വിശ്രമ സ്ഥലങ്ങൾ, വണ്ടിത്താവളങ്ങൾ മറ്റു വാഹന സ്റ്റാൻഡുകൾ) ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം സ്റ്റാൻഡിൽ കൂടി കടന്നു പോകുന്ന ബസ്സുകൾക്ക് പാർക്ക് ചെയ്യാനും മറ്റുമുള്ള സൗകര്യം പഞ്ചായത്ത് ഏർപ്പെടുത്തേണ്ടതും ആയതിലേക്കായി ബസ് സ്റ്റാൻഡ് ഫീസ് പിരിക്കുന്നതിന് പഞ്ചായത്തിന് അവകാശമുള്ളതുമാണ്.

ചിറക്കടവ് പഞ്ചായത്തിന്റെ പ്രൈവറ്റ് ബസ് സ്റ്റാൻഡിന്റെ ഫീസ് പിരിക്കുന്നതിനുള്ള അവകാശം My Bus- നെയാണ് ഏൽപ്പിച്ചിരുന്നത് . കോവിഡ് വ്യാപനം മൂലം My Bus പിരിവ് നിർത്തുകയും തുടർന്ന് പഞ്ചായത്ത് കമ്മിറ്റിയുടെ 26.08.2021 ലെ 4(1) നമ്പർ തീരുമാനപ്രകാരം ബസ് സ്റ്റാൻഡ് ഫീസ് പിരിക്കുന്നതിന് ടൈം കീപ്പിംഗ് തൊഴിലാളികൾക്ക് അനുമതി നൽകുകയും ചെയ്തു. ലെഡ്ജർ പരിശോധിച്ചപ്പോൾ 431400107 അക്കൗണ്ട് ശീർഷകത്തിൽ 31.03.2023 തീയതിയിൽ ആകെ 514999/- രൂപ കുടിശിക ഉണ്ട്. ഇതിൽ 1,98,899/- രൂപ മുൻവർഷ കുടിശികയാണ്. രേഖകൾ പരിശോധിച്ചപ്പോൾ My Bus കമ്പനിയാണ് കുടിശിക വരുത്തിയിട്ടുള്ളതെന്നും ടി കുടിശിക തുകയിൽ 50,000/- രൂപ രസീത് നമ്പർ 121020900062/26.07.2023 പ്രകാരം പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളതായും കാണുന്നു. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (04/15.09.2023) മറുപടിയായി My Bus അധികാരികൾ ഹൈക്കോടതിയിൽ കുടിശിക ഇളവിനായി കേസ് ഫയൽ ചെയ്തതിനാലാണ് തുക ഈടാക്കാതിരുന്നത് എന്നും കേസ് തീർപ്പാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-19 പബ്ലിക്ക് കംഫർട്ട് സ്റ്റേഷൻ- നടത്തിപ്പ് ലേലം ചെയ്ത് നൽകിയില്ല.

1995 ലെ കേരള പഞ്ചായത്ത് രാജ് (ഇറക്കു സ്ഥലങ്ങൾ, വിശ്രമ സ്ഥലങ്ങൾ, വണ്ടിത്താവളങ്ങൾ, മറ്റു വാഹന സ്റ്റാൻഡുകൾ)ചട്ടം 14 പ്രകാരം യാത്രക്കാർക്ക് മോട്ടോർ വാഹനത്തിനു വേണ്ടിയുള്ള പൊതുവായ വണ്ടിത്താവളത്തിലും പാർക്ക് ചെയ്യുന്ന സ്ഥലങ്ങളിലും ടോയ്‌ലറ്റും മൂത്രപ്പുരയും അടക്കമുള്ള സൗകര്യങ്ങൾ പഞ്ചായത്ത് ഏർപ്പെടുത്തേണ്ടതാണെന്നും ഓരോ വർഷവും ടോയ്‌ലറ്റും മൂത്രപ്പുരയും പരിപാലിക്കുന്നതിനും ഗ്രാമപഞ്ചായത്ത് പൊതുജനങ്ങളിൽ നിന്ന് ക്വട്ടേഷൻ ക്ഷണിക്കേണ്ടതും പഞ്ചായത്ത് ചുമത്താവുന്ന നിബന്ധനങ്ങൾക്ക് വിധേയമായി പെർമിറ്റ് നൽകിക്കൊണ്ട് അപ്രകാരമുള്ള അവകാശങ്ങൾ ഏൽപ്പിച്ചു കൊടുക്കാവുന്നതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട് .

ചിറക്കടവ് പഞ്ചായത്തിൽ ദിവസ വേതനത്തിൽ ആളെ നിയമിച്ച് ടോയ്‌ലറ്റ്, മൂത്രപ്പുര എന്നിവ പരിപാലിക്കുകയാണ് ചെയ്ത് വരുന്നത്. 2022-23 വർഷത്തെ പബ്ലിക്ക് കംഫോർട്ട് സ്റ്റേഷനിൽ നിന്നുള്ള വരവ്, ചെലവ് എന്നിവ താരതമ്യം ചെയ്തതിൽ പരിപാലന ചെലവാണ് വരവിനെ അപേക്ഷിച്ച് കൂടുതൽ എന്ന് കാണാവുന്നതാണ്. എന്നാൽ 2022-23 വർഷം ടോയ്‌ലറ്റ്, മൂത്രപ്പുര എന്നിവ പരിപാലിക്കുന്നതിന് വേതനമിനത്തിൽ 2,19,000/- രൂപ പഞ്ചായത്ത് നൽകിയപ്പോൾ വാർഷിക ധനകാര്യ പത്രിക പ്രകാരം 140500201 - Public Comfort Station Receipts ശീർഷകത്തിൽ 98,800/- രൂപയാണ് Public Comfort Station നിന്നുമുള്ള വരവായി അക്കൗണ്ട് ചെയ്തിരിക്കുന്നത്. കഴിഞ്ഞ 6 വർഷത്തെ പബ്ലിക്ക് കംഫർട്ട്

സ്റ്റേഷൻ വരവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| വർഷം | ലഭിച്ച തുക |
|---|---|
| 2017-18 | 478895 |
| 2018-19 | 425105 |
| 2019-20 | 322716 |
| 2020-21 | 89924 |
| 2021-22 | 170269 |
| 2022-23 | 98800 |

ഓരോ വർഷം കഴിയുംതോറും പബ്ലിക്ക് കംഫർട്ട് സ്റ്റേഷനിൽ നിന്നുള്ള വരവ് തുകയിൽ കുറവാണ് സംഭവിക്കുന്നത് എന്ന് മേൽ കണക്കുകളിൽ നിന്ന് ബോധ്യമാകുന്നു. 2017-18 വർഷം കംഫർട്ട് സ്റ്റേഷനിൽ നിന്നും 4,78,895/- രൂപ വരുമാനമുണ്ടായിരുന്നത് 2022-23 ലേക്കെത്തുമ്പോൾ 98,800/- രൂപ മാത്രമായി ചുരുങ്ങുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്. 2020-21 വരെയും ശരാശരി 5.5 ലക്ഷത്തിന് മുകളിൽ ഉള്ള തുകയ്ക്കായിരുന്നു കംഫർട്ട് സ്റ്റേഷന്റെ നടത്തിപ്പവകാശം കൈമാറിപ്പോയിരുന്നത്. വരുമാനത്തിൽ കുറവ് വരുന്ന സാഹചര്യത്തിലും പരിപാലന അവകാശം ലേലം ചെയ്ത് നൽകാതെ ദിവസ വേതനത്തിൽ ആളെ നിയമിച്ച് ടോയ്‌ലറ്റ്, മൂത്രപ്പുര എന്നിവ പരിപാലിക്കുന്നത് യുക്തിസഹമല്ല. കൂടാതെ ബന്ധപ്പെട്ട ഫയലുകളും രസീത് ബുക്കുകളും ഓഡിറ്റ് പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 09/18.09.2023) മറുപടിയായി വിഷയം പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി തുടർനടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. കംഫർട്ട് സ്റ്റേഷൻ നടത്തിപ്പവകാശം ലേലനടപടികൾ സ്വീകരിച്ച് കൈമാറേണ്ടതും അത് വഴി ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികബാദ്ധ്യത കുറവ് ചെയ്യാൻ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

### 1-20 വാടക കുടിശിക ഈടാക്കുവാൻ അവശേഷിക്കുന്നു

വാർഷിക ധനകാര്യ പത്രിക പ്രകാരം 431400102-Rent Receivables From Buildings (Arrears) ശീർഷകത്തിൽ 156,393/- രൂപ മുൻ വർഷ വാടക കുടിശിക പിരിച്ചെടുക്കുവാനുള്ളതായി കാണുന്നു. വാടക കുടിശ്ശിക വരുത്തിയവർ തന്നെ കടമുറികൾ കൈവശം വച്ച് നിലവിലും ഉപയോഗിക്കുന്നുണ്ടോ എന്ന വിവരവും കുടിശ്ശിക പിരിച്ചെടുക്കുന്നതിന് പഞ്ചായത്ത് റവന്യൂ റിക്കവറി, പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് എൻക്വയറി (08/16.09.2023) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. തനത് വരുമാനത്തിൽ ചോർച്ചയുണ്ടാകാത്ത വിധം മേൽ വിഷയത്തിന്മേൽ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടികളുടെ വിശദാംശം അറിയിക്കേണ്ടതുമാണ് .

### 1-21 ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ

1. 1996-ലെ കേരള പഞ്ചായത്ത്‌രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ന് അനുബന്ധമായ 1-ാം പട്ടികയിലെ ഇനം 56 പ്രകാരം ധാന്യങ്ങളുടെ സംഭരണവും വില്പനയും നടത്തുന്ന സ്ഥാപനങ്ങൾ, 132 പ്രകാരം പാലും പാലുൽപ്പന്നങ്ങളുടെ സംഭരണവും വില്പനയും നടത്തുന്ന സ്ഥാപനങ്ങൾ, 139 പ്രകാരം അബ്കാരി ഷാപ്പുകൾ എന്നിവ ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കാൻ പാടുള്ളതല്ല. ചിറക്കടവ് ഗ്രാമപഞ്ചായത്തിൽ റേഷൻ കടകൾ, ക്ഷീരോല്പാദന സഹകരണ സംഘങ്ങൾ, ഷാപ്പുകൾ എന്നിവ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു.

2. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232, 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സെക്രട്ടറി നൽകുന്ന ലൈസൻസ് ആവശ്യമാണ്. എന്നാൽ ചിറക്കടവ് ഗ്രാമപഞ്ചായത്തിൽ വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളിലെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ, വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണവും പഞ്ചായത്തിൽ നിന്നും 2020-21 വർഷം ലൈസൻസ് എടുത്തിട്ടുള്ള വ്യാപാര സ്ഥാപനങ്ങളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ ഇനം | എണ്ണം |
|---|---|

| | |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 1834 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.ൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 676 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലെക്സ് | 1 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ.ൽ കൂടുതൽ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലെക്സ് | 149 |
| വാണിജ്യാവശ്യത്തിനുള്ള പെട്ടിക്കടകൾ, ബങ്കുകൾ | 12 |
| ഓഫീസ് ആവശ്യം | 89 |
| വ്യവസായാവശ്യത്തിനുള്ള - കൈത്തറിഷെഡ്, കയർപിരിഷെഡ് | 137 |
| ഇതരവ്യവസായാവശ്യത്തിനുള്ളവ | 66 |
| ആകെ എണ്ണം | 2964 |

സഞ്ചയ പ്രകാരം പഞ്ചായത്ത് പരിധിയിൽ 2964 കെട്ടിടങ്ങളെ വാണിജ്യ-വ്യവസായ ഗണത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ 634 സ്ഥാപനങ്ങൾക്ക് മാത്രമേ പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുള്ളൂ. ഇതിൽനിന്നും നിരവധി വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ ലൈസൻസില്ലാതെ പ്രവർത്തിയ്ക്കുന്നുണ്ടെന്ന് വ്യക്തമാണ്. ലൈസൻസ് നടപടികൾ ക്രമീകരിക്കാത്തത് മൂലവും ചട്ടലംഘനംമൂലവും ലൈസൻസ് ഫീസിനത്തിൽ പഞ്ചായത്തിന് വരുമാനനഷ്ടവും സംഭവിക്കുന്നു. ലൈസൻസ്, ട്രേഡേഴ്സിന്റെ തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റ്, ട്രേഡേഴ്സ് ലിസ്റ്റ് അടിസ്ഥാനമാക്കി തയ്യാറാക്കേണ്ടതാണ്. അദാലത്തുകൾ നടത്തി ലൈസൻസ് പിരിവ് കൂടുതൽ കാര്യക്ഷമമാക്കാവുന്നതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

3. സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം ഹോംസ്റ്റേ ആയി വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള താഴെപ്പറയുന്ന കെട്ടിടങ്ങൾ 1996-ലെ കേരള പഞ്ചായത്ത്രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു.

| ക്രമ നം. | കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് | ഉപയോഗക്രമം |
|---|---|---|---|
| 1 | 4/54 A | ഡോ. ഗോപീകൃഷ്ണൻ പി ബി | ഹോം സ്റ്റേ |
| 2 | 11/571, 11/571 A-B, 11/572, 11/572 A-B | ദീപ എസ് | |

ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (05/15.09.2023) നൽകിയെങ്കിലും നൽകിയതിന് മറുപടിയായി കെട്ടിട ഉടമകളുമായി ഫോൺ മുഖാന്തിരം നടത്തിയ അന്വേഷണത്തിൽ ടി കെട്ടിടങ്ങളിൽ ഹോംസ്റ്റേ പ്രവർത്തിക്കുന്നില്ല എന്നാണ് അറിയിച്ചിരിക്കുന്നത്. ഭൗതിക പരിശോധന നടത്തി കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിൽ വ്യക്തത വരുത്തേണ്ടതാണ്.

4. കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങളിലെ, ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിക്കുകയും പട്ടിക 2-ലെ ലൈസൻസ് ഫീസ് തുകകളിൽ മാറ്റം വരുത്തുകയും ചെയ്തിട്ടുണ്ട് . 2021-22 വർഷത്തെ രജിസ്റ്ററുകളും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസിനായി സമർപ്പിക്കുന്ന എല്ലാ അപേക്ഷകളിലും മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഓരോ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കേണ്ട തുകയുടെ ആധികാരികത ഉറപ്പാക്കാൻ സാധിച്ചില്ല. സ്ഥാപനങ്ങളെ മൈക്രോ, മിനി, മീഡിയം, ലാർജ് എന്നിങ്ങനെ തരംതിരിക്കുകയും ഉൽപ്പാദനം, സേവനം എന്നിങ്ങനെ മേഖല തിരിച്ച് മൂലധന നിക്ഷേപം

രേഖപ്പെടുത്തി ആയതിന് അനുസൃതമയി ഫീസ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

5. ഓഡിറ്റ് കാലയളവിൽ ട്രേഡേഴ്സ് രജിസ്റ്റർ തയാറാക്കി സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ അടങ്ങിയ വാർഡ് തിരിച്ചുള്ള ഒരു ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചിട്ടില്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്തിൽ നിലനിന്നു പോരുന്നത്. വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-22 അധിക വിഭവ സമാഹരണം

ആറാം സംസ്ഥാന ധനകാര്യക്കമ്മീഷന്റെ ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 30(v) ശിപാർശകളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി 8-1-21ലെ ജി.ഒ.(പി)നം.6/2021/ഫിൻ നമ്പർ പ്രകാരം നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ധനകാര്യവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തനതുവരുമാന വർദ്ധനവിനും കാര്യക്ഷമമായ വിഭവസമാഹരണത്തിനുമായി കോട്ടയം ജില്ലയിലെ ചിറക്കടവ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും നിയമാനുസൃതം എടുത്തിട്ടുള്ള തീരുമാനങ്ങളും ആയതിന്റെ ഭാഗമായി എക്സിക്യൂട്ടീവ് അധികാരികൾ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളും നടപ്പാക്കിയ പ്രവർത്തനങ്ങളും വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. മേൽപരിശോധനയുടെയും ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലുള്ള നിരീക്ഷണക്കുറിപ്പുകൾ ചുവടെ ചേർക്കുന്നു.

ഭരണസമിതിയുടെ പ്രവർത്തനം

01.04.2023 ലെ വസ്തു നികുതി പരിഷ്ക്കരണ നിരക്കുകൾ നടപ്പിലാക്കുന്നതിന് ഭരണസമിതിയുടെ 06.07.2023 ലെ XII/I നമ്പർ പ്രകാരം (മേഖല, റോഡുകൾ എന്നിവ സഹിതം) തീരുമാനിച്ചിട്ടുണ്ട്. വസ്തു നികുതി കുടിശ്ശിക പിരിക്കുന്നതിന് ക്യാമ്പുകൾ സംഘടിപ്പിക്കുകയും നോട്ടീസ് ഉൾപ്പെടെയുള്ള പ്രചാരണ മാർഗ്ഗങ്ങൾ അവലംബിക്കുകയും ചെയ്തത് ശ്ലാഘനീയമാണ്.

ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രവർത്തനം

1. പുതിയ നികുതി വരുമാനം സംബന്ധിച്ച നിർദ്ദേശങ്ങൾ 2022-23 കാലയളവിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഭാഗത്തു നിന്ന് ഉണ്ടായിട്ടില്ല.
2. ബജറ്റും യഥാർത്ഥ വരവുകളുമായുള്ള അന്തരം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പരിശോധിച്ചിട്ടില്ല.
3. വസ്തുനികുതി വേക്കൻസി റെമിഷൻ അനുവദിക്കുന്നതിന് കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ജാഗ്രത പുലർത്തിയില്ല.
4. തൊഴിൽ നികുതി, ലൈസൻസ് തുടങ്ങിയ വരവിനങ്ങളെ സംബന്ധിച്ച അവലോകന യോഗങ്ങൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചേർന്നിട്ടുണ്ട്.
5. സർക്കാർ ഉത്തരവ് (കൈ) നമ്പർ 117/2022/LSGD/01.06.2022 സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നില്ല.

വസ്തു നികുതി

1. ബജറ്റിലെ പ്രതീക്ഷിത വരവുമായി യഥാർത്ഥ കണക്കുകൾ പൊരുത്തപ്പെടുന്നില്ല. കൂടാതെ, ഐ.എൽ.ജി.എം.എസ് വരവ്, സഞ്ചയ വരവ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു.
2. 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പരിഷ്ക്കരിക്കുന്നതിന് ഭരണസമിതി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.
3. റോഡ് മാപ്പ് സംബന്ധിച്ച സർവ്വേ (മേഖല, റോഡുകൾ എന്നിവ സഹിതം) പൂർത്തീകരിച്ചിട്ടുള്ളതും വേരിഫിക്കേഷൻ നടപടികൾ നടന്നു വരുന്നതുമാണ്.
4. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207, വിവിധ സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരം നിശ്ചയിച്ചിട്ടുള്ള ഇളവുകൾ മാത്രമേ വസ്തു നികുതി ഇനത്തിൽ നൽകിയിട്ടുള്ളൂ എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
5. ഗ്രാമപഞ്ചായത്തിലെ അനധികൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ശേഖരിച്ച് സഞ്ചയയിൽ ചേർത്ത് ക്രമവത്ക്കരണം നടത്താവുന്ന കെട്ടിടങ്ങൾക്ക് കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കി നിയമാനുസൃതമാക്കുന്നതിനും അല്ലാത്തപക്ഷം പൊളിച്ചുനീക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.
6. വിവിധ ആവശ്യങ്ങൾക്കായി കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ചതിനു ശേഷം കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണം) ചട്ടങ്ങളിലെ ചട്ടം 21 പ്രകാരം പോസ്റ്റ് ഒക്യുപൻസി വിവരങ്ങൾ നിരീക്ഷിക്കുന്നില്ല.

തൊഴിൽ നികുതി

1. തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള ഡിമാന്റ് നോട്ടീസ് നൽകുകയും നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.
2. തൊഴിൽ നികുതി അടയ്ക്കാനുള്ള സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും ഡാറ്റാബേസ് അപൂർണ്ണമാണ്. സിവിൽ കൺസ്ട്രക്ഷൻ സ്ഥാപനങ്ങൾ, കള്ളുഷാപ്പുകൾ, ആധാരം എഴുത്തുസ്ഥാപനങ്ങൾ, ഓഡിറ്റോറിയങ്ങൾ മുതലായ സ്ഥാപനങ്ങളും ഗവ.പ്ലീഡർമാർ, നോട്ടറികൾ ഉൾപ്പെടെയുള്ള അഭിഭാഷകർ, കരാറുകാർ, റേഷൻ വ്യാപാരികൾ എന്നിവരും ഡിമാൻഡിൽ ഉൾപ്പെട്ടിട്ടില്ല.
3. സ്ഥാപനങ്ങളിൽനിന്ന് ലഭ്യമായ നികുതി പത്രികകൾ പരിശോധിച്ച ശേഷമാണ് നികുതി ഈടാക്കുന്നത്.
4. തൊഴിൽ നികുതി രജിസ്റ്ററിലെ വിവരങ്ങൾ പൂർണ്ണമല്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

വിനോദ നികുതി

സിനിമ തീയേറ്ററിൽനിന്ന് വിനോദ നികുതി ഈടാക്കുന്നതിന് ഭരണസമിതി നടപടികൾ സ്വീകരിച്ചിട്ടില്ല.

നികുതിയേതര വരവുകൾ

ട്രേഡേഴ്സ് ലിസ്റ്റ് പഞ്ചായത്തിൽ തയ്യാറാക്കിയിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വാണിജ്യ സ്ഥാപനങ്ങളുടെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. ലൈസൻസ് രജിസ്റ്റർ പ്രകാരം 634 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 2964 വാണിജ്യ സ്ഥാപനങ്ങളുണ്ട്. ഇവ തമ്മിൽ വലിയ അന്തരമുണ്ട്.

പഞ്ചായത്തിലെ സ്ഥാപനങ്ങളുടെയും ട്രേഡർമാരുടെയും വിവരം കൃത്യമായി അപ്ഡേറ്റ് ചെയ്യുന്ന രീതിയിൽ രജിസ്റ്റർ/ഡാറ്റാബേസ് തയ്യാറാക്കിയാൽ തനത് വിഭവ സ്രോതസ്സുകളുടെ പൂർണ്ണമായും വരുമാനമാക്കി മാറ്റുന്നതിന് സാധിക്കും. പഞ്ചായത്തിൽ സജ്ജമായിട്ടുള്ള കെട്ടിടങ്ങളുടെ ഡേറ്റാബേസുമായി മറ്റ് വരുമാന സ്രോതസ്സുകളുടെ ഡേറ്റയെ ബന്ധിപ്പിക്കുന്നതിലൂടെയും വിവിധ ആവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളെ മാപ്പ് ചെയ്ത് എല്ലാവിധ തൊഴിൽ നികുതി/ലൈസൻസ് വിഭവ സ്രോതസ്സുകൾ പരമാവധി ഡിമാന്റിൽ ഉൾപ്പെടുത്താനും കഴിയും. പഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഡിമാന്റിന് സജ്ജമാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-23 ട്രാൻസ്ഫർ അഡ്വാൻസ് - നിയമാനുസൃത സമയപരിധിക്കുള്ളിൽ ക്രമീകരിച്ചിട്ടില്ല

മലപ്പുറം ജില്ലയിലെ എടക്കര ഗ്രാമ പഞ്ചായത്തിലേക്ക് സ്ഥലം മാറ്റം ലഭിച്ച അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. മണിയപ്പൻ.പി.പിയ്ക്ക് ട്രാൻഫർ അഡ്വാൻസ് ഇനത്തിൽ 10000 രൂപ വൗച്ചർ നമ്പർ 222011090/ 27.02.23 ( ചെക്ക് നമ്പർ 609708/ 19.01.23) പ്രകാരം അനുവദിച്ചിരുന്നു. ട്രാൻസർ അഡ്വാൻസ് കൈപ്പറ്റി തൊട്ടടുത്തമാസം മുതൽ മൂന്ന് തുല്യതവണകളായി ഈടാക്കി തുക തിരികെ ചിറക്കടവ് ഗ്രാമപഞ്ചായത്തിൽ ഒടുക്കേണ്ടിയിരുന്നു. എന്നാൽ നാളിതുവരെ കൈപ്പറ്റിയ ട്രാൻസ്ഫർ അഡ്വാൻസ് തിരികെ ഒടുക്കിയിട്ടില്ല. മേൽ വിഷയത്തിന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11/22-23/ 18.09.23 ന് മറുപടി ലഭ്യമാക്കിയില്ല. തുക പലിശ സഹിതം തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-24 ഫെസ്റ്റിവൽ അഡ്വാൻസ്- അനുവദിച്ച തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല

റെഗുലർ ജീവനക്കാർക്ക് ഫെസ്റ്റിവൽ അഡ്വാൻസ് അനുവദിക്കുന്നതിനായി വൗച്ചർ നമ്പർ 22200521/15.09.22 പ്രകാരം 160000 രൂപ പിൻവലിച്ച് വിതരണം ചെയ്തിരുന്നു. അഡ്വാൻസ് കൈപ്പറ്റിയ ഏതാനും ജീവനക്കാർ നാളിതുവരെ അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | അനുവദിച്ച അഡ്വാൻസ് | ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|
| | സ്മിതാമോൾ.എസ് | 20000 രൂപ | 12000 രൂപ |
| | ചിഞ്ചു വിജയൻ | 20000 രൂപ | 12000 രൂപ |
| | രാജേഷ്കുമാർ പി, | 20000 രൂപ | 4000 രൂപ |
| | ജയകൃഷ്ണൻ കെ.ജി, | 20000 രൂപ | 4000 രൂപ |
| | ആകെ | | 320000 രൂപ |

ഫെസ്റ്റിവൽ അഡ്വാൻസായി കൈപ്പറ്റിയ തുക മാർച്ച് മാസത്തിനകം ക്രമീകരിക്കേണ്ടിയിരുന്നു. എന്നാൽ നാളിതുവരെ കൈപ്പറ്റിയ ഫെസ്റ്റിവൽ അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല. മേൽ വിഷയത്തിന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11/22-23/ 18.09.23 ന് മറുപടി ലഭ്യമാക്കിയില്ല. തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-25 പാർക്കിംഗ് ഏരിയ സജ്ജീകരിക്കുന്നതിനായി തുക ചെലവഴിച്ചു-പാർക്കിംഗ് സൗകര്യം ഏർപ്പെടുത്താനായിട്ടില്ല

പഞ്ചായത്ത് ഓഫീസ് പരിസരത്ത് പാർക്കിംഗ് ഏരിയ സജ്ജീകരിക്കുന്നതിനായി വിവിധ വൗച്ചറുകൾ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | ചെക്ക് നമ്പർ | ചെലവ് തുക | |
|---|---|---|---|---|
| 1 | 22200277/22-23/ 21,07.22 | 451031/08.07.22 | 30000 രൂപ | അടമറ്റത്തുനിന്നും മണ്ണ് എത്തിച്ച് പഞ്ചായത്ത് ഓഫീസ് പരിസരത്ത് പാർക്കിംഗ് ഏരിയ സജ്ജീകരിക്കുന്നതിനായി ലോറി വാടക ഇനത്തിലുള്ള ചെലവ് |
| 2 | 22200278/22-23/ 21,07.22 | 451031/08.07.22 | 30000 രൂപ | ,, |
| 3 | 22200270/22-23/ 22.07.22 | 451031/08.07.22 | 9800 രൂപ | ജെസിബി പ്രവർത്തിപ്പിച്ചതിന്റെ ചെലവ് |
| 4 | 22200298/ 25.07.22 | 451031/08.07.22 | 24000 രൂപ | അടമറ്റത്തുനിന്നും മണ്ണ് എത്തിച്ച് പഞ്ചായത്ത് ഓഫീസ് പരിസരത്ത് പാർക്കിംഗ് ഏരിയ സജ്ജീകരിക്കുന്നതിനായി ലോറി വാടക ഇനത്തിലുള്ള ചെലവ് |
| | ആകെ | | 93800/- | |

93800/- രൂപ ചെലവഴിച്ചിട്ടും പാർക്കിംഗ് ഏരിയ സജ്ജീകരിക്കുന്നതിന് സാധിച്ചിട്ടില്ല. മേൽ വിഷയത്തിന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11/22-23/18.09.23 ന് മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവഴിച്ച 93800/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-26 പഴയമോട്ടോർ ലേലം ചെയ്തില്ല

രാജേന്ദ്ര മൈതാനത്തെ പൊതു കിണറിലെ കേടായ മോട്ടോർ മാറ്റി പുതിയ മോട്ടോർ സ്ഥാപിക്കുന്നതിന് വൗച്ചർ നമ്പർ 22200935/ 16.12.22 ( ചെക്ക് നമ്പർ 609642/16.12.22) പ്രകാരം 22593 രൂപ ചെലവഴിച്ച് സെമി ട്രോണിക്സ് തൊടുപുഴ എന്ന സ്ഥാപനത്തിൽ നിന്നും (Invoice No. 6122-c-07961/ 14.11.22) 5 HP മോട്ടോർ വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ കേടായ മോട്ടോർ നാളിതുവരെ ലേലം ചെയ്ത് മുതൽക്കൂട്ടിയിട്ടില്ല. മേൽ വിഷയത്തിന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11/22-23/ 18.09.23 ന് മറുപടി ലഭ്യമാക്കിയില്ല. കേടായ മോട്ടോർ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടി വിവരം അറിയിക്കേണ്ടതാണ്.

1-27 ചെലവ് സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല. ചെലവ് തടസ്സപ്പെടുത്തുന്നു

വൗച്ചർ നമ്പർ 22200282/22-23/ 22.07.22 പ്രകാരം 67272 രൂപ (ചെക്ക് നമ്പർ 451031/08.07.22) ഹിറ്റാച്ചി പ്രവർത്തിപ്പിച്ചതിന് നൽകിയ വാടക എന്ന ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. എന്താവശ്യത്തിനാണ് ഹിറ്റാച്ചി പ്രവർത്തിപ്പിച്ചത് എന്നത് സംബന്ധിച്ച വിവരങ്ങൾ വൗച്ചറിൽ ലഭ്യമല്ല. തുക ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ, ട്രിപ്പ് ഷീറ്റ്, കൈപ്പറ്റ് എന്നിവ വൗച്ചറിനൊപ്പം സൂക്ഷിച്ചിട്ടില്ല. ക്വട്ടേഷൻ ക്ഷണിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. മരാമത്ത് സ്വഭാവമുള്ള പ്രവൃത്തിയാണെങ്കിൽ എഞ്ചിനീയറിങ്ങ് വിഭാഗത്തിൽ നിന്നുള്ള എസ്റ്റിമേറ്റ്, വാല്യുവേഷൻ എന്നിവ ലഭ്യമാക്കിയില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11/22-23/18.09.23 ന് മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കാത്ത സാഹചര്യത്തിൽ 67272/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കാത്തപക്ഷം 1997ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ 12(2) പ്രകാരം രേഖകൾ നിലവിലില്ല എന്ന നിഗമനത്തിൽ 67272/- രൂപ ഉത്തരവാദിയായ

സെക്രട്ടറിയിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-28 തെരുവുവിളക്ക് അറ്റകുറ്റപ്പണി - ഇലക്ട്രിക് കോൺട്രാക്റ്റ് ലൈസൻസില്ലാത്ത കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തു

| | |
|---|---|
| പ്രോജക്ട് നം. | 35/2023 തെരുവുവിളക്ക് അറ്റകുറ്റപ്പണി |
| അടങ്കൽ | 4,95,000/- (CFC ഗ്രാന്റ് ) |
| ചെലവ് | 4,95,000/- (CFC ഗ്രാന്റ് )<br>ബിൽ നം 99/30-07-2022 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

2021-22 വർഷം തെരുവുവിളക്ക് അറ്റകുറ്റപ്പണിക്കായി ധനകാര്യകമ്മീഷൻ ഗ്രാന്റ് വിഹിതം 4,95,000/- രൂപ അടങ്കലായി പ്രോജക്റ്റ് തയ്യാറാക്കുകയും ടെണ്ടർ നടപടികൾ സ്വീകരിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത രമണി സോളാർ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തിരുന്നു. 733 പോസ്റ്റുകളിൽ ലൈറ്റുകൾ സ്ഥാപിച്ച് പ്രോജക്ട് നം. 35/2023 പ്രകാരം 4,95,000/- രൂപ ചെലവഴിച്ചിരുന്നു. പ്രസ്തുത പ്രോജക്റ്റിന്റെ നിർവ്വഹണത്തിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കരാർ അംഗീകരിച്ച രമണി സോളാർ എന്ന സ്ഥാപനത്തിന് (ലീഗൽ നാമം ദീപ കൃഷ്ണക്കുറുപ്പ്) ടി കാലയളവിൽ ഇലക്ട്രിക് കോൺട്രാക്റ്റ് ലൈസൻസ് ഉള്ളതായി കാണുന്നില്ല. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് നൽകുന്ന പ്രസ്തുത ലൈസൻസില്ലാത്ത കരാറുകാരന് പ്രവൃത്തി ഏൽപ്പിച്ച് നൽകിയ നടപടി അംഗീകരിക്കാവുന്നതല്ല.

2. സ്രോതസ്സിൽ കിഴിവ് ചെയ്യേണ്ട 2% ജിഎസ് ടി TDSആയി കുറവ് ചെയ്തില്ല. 12% ജിഎസ്ടി കിഴിച്ചുള്ള ബിൽ തുകയായ 4,42,450/- രൂപയുടെ 2% തുകയായ 8849/- രൂപ (CGST-Rs 4424.5/-, SGST-Rs 4424.5/-) രമണി സോളാർ എന്ന സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടിയിരുന്നു.

3. വിവിധ വാർഡുകളിൽ ലൈറ്റ് സ്ഥാപിച്ചതായി മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിരുന്നുവെങ്കിലും എത്ര എണ്ണം വീതം സ്ഥാപിച്ചുവെന്നത് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽപറഞ്ഞ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 25/19-9-23 )മറുപടി ലഭ്യമാക്കിയില്ല. മേൽപറഞ്ഞ അപാകതകൾ നിലനിൽക്കുന്നതിനാൽ പ്രസ്തുത പ്രോജക്റ്റിനായി ചെലവഴിച്ച 4,95,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സ്രോതസ്സിൽ കിഴിവ് ചെയ്യേണ്ട 2% ജിഎസ്ടി തുകയായ 8849/- രൂപ രമണി സോളാർ എന്ന സ്ഥാപനത്തിൽ നിന്നും ഈടാക്കി ജിഎസ് ടി ശീർഷകത്തിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

1-29 തെരുവുവിളക്ക് പരിപാലനം -കൃത്യമായ നിരീക്ഷണസംവിധാനങ്ങളില്ല.

ഗ്രാമപഞ്ചായത്തിൽ തെരുവുവിളക്ക് പരിപാലനത്തിന് കൃത്യമായ നിരീക്ഷണസംവിധാനമില്ലായെന്ന് കാണുന്നു. തൻവർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ട് നം. 390/23 പ്രകാരം 372 സെറ്റ് LED ലൈറ്റുകൾ സ്ഥാപിക്കുന്നതിന് 2,19,050/- രൂപ ശബരിമല ഗ്രാന്റ് വിഹിതം ചെലവഴിച്ചിരുന്നു. കൂടാതെ പ്രോജക്ട് നം. 9/23 പ്രകാരം 900 സെറ്റ് LED ലൈറ്റുകളും അനുബന്ധ സാമഗ്രികളും സ്ഥാപിക്കുന്നതിന് 3,00,000/- രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ് വിഹിതവും പ്രോജക്ട് നം.35/23 പ്രകാരം 733 സെറ്റ് LED ലൈറ്റുകളും അനുബന്ധ സാമഗ്രികളും സ്ഥാപിക്കുന്നതിന് 4,95,000/- രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ് വിഹിതവും ചെലവഴിച്ചിരുന്നു. ഗ്രാമപഞ്ചായത്തിലെ 500 സ്ട്രീറ്റ് ലൈറ്റുകൾ നിലാവ് പദ്ധതിയിൽ പെട്ടതാണ്. നിലാവ് പദ്ധതിയിൽ ഉൾപ്പെട്ട ലൈറ്റുകളുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നുണ്ടെങ്കിലും നിലാവ് പദ്ധതിയിൽ ഉൾപ്പെടാത്ത സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം സംബന്ധിച്ച് യാതൊരു രേഖകളും ഫയലിലില്ല. തൻമൂലം നിലാവ് പദ്ധതിയിൽപ്പെട്ട ലൈറ്റുകളുടെയും വാറന്റി കാലയളവിലുള്ള ലൈറ്റുകളുടേയും പരിപാലനത്തിന് ഗ്രാമപഞ്ചായത്ത് തുക ചെലവഴിക്കുന്നുണ്ടോയെന്നത് നിരീക്ഷിക്കാൻ സംവിധാനമില്ല. പോസ്റ്റ് നമ്പർ സഹിതം രജിസ്റ്റർ സൂക്ഷിക്കാത്തിനാൽ ആകെ ഗ്രാമപഞ്ചായത്തിലുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണവും ആയതിനനുസരിച്ചുള്ള ഇലക്ട്രിസിറ്റി ചാർജ്ജ് ഒടുക്കലും കൃത്യമാണോ എന്നത് പരിശോധിക്കാൻ സാധിക്കുന്നില്ല. വാർഡ് അടിസ്ഥാനത്തിൽ പോസ്റ്റ് നമ്പർ സഹിതം ലൈറ്റുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (23/19-9-23) മറുപടി ലഭ്യമാക്കിയില്ല. കൃത്യമായ വാർഡടിസ്ഥാനത്തിൽ പോസ്റ്റ് നമ്പർ സഹിതം രജിസ്റ്റർ പരിപാലിക്കാത്തപക്ഷം അധികം തുക ഈയിനത്തിൽ ചെലവഴിക്കേണ്ടതായി വരുന്ന സാഹചര്യത്തിൽ നിർവ്വഹണോദ്യഗസ്ഥന്റെ ബാദ്ധ്യതയായി മാറുന്നതാണ്. ഗ്രാമപഞ്ചായത്ത് ഈ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-30 ബോധവൽക്കരണ ക്ലാസ്-ഉത്പാദനപരമല്ലാത്ത ബോധവൽക്കരണപ്രവർത്തനങ്ങൾ അംഗീകരിക്കുന്നില്ല.

| | |
|---|---|
| പ്രോജക്ട് നം. | 393/23 ബോധവൽക്കരണ ക്ലാസ് |

| | |
|---|---|
| അടങ്കൽ | 1,00,000/- (തനത് ഫണ്ട് ) |
| ചെലവ് | 42,020/- (തനത്ഫണ്ട്)<br>ചെക്ക് നം. 609739/16-3-23 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പൊൻകുന്നം ജനകീയ വായനശാല, ജനസംസ്കാര എന്നീ സ്ഥാപനങ്ങൾ മുഖേന ഒക്ടോബർ മുതൽ ജനുവരി വരെയുള്ള മാസങ്ങളിൽ വിവിധ ദിവസങ്ങളിലായി നടന്ന ബോധവൽക്കരണ ക്ലാസിന് ജനസംസ്കാരയ്ക്ക് 31515/- രൂപയും ജനകീയവായനശാലയ്ക്ക് 10505/- രൂപയുമുൾപ്പെടെ ആകെ 42020/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിരുന്നു. പ്രസ്തുത ക്ലാസിൽ ഏത് രീതിയിലുള്ള ബോധവൽക്കരണമാണ് നടന്നത് എന്നത് ഫയലിൽ നിന്നും വ്യക്തമല്ല. മാർഗ്ഗരേഖ പ്രകാരം പതിനാലാം പദ്ധതി മുന്നോട്ട് വയ്ക്കുന്ന സവിശേഷ വികസനലക്ഷ്യങ്ങൾക്കായതല്ലാതെ ഉത്പാദനപരമല്ലാത്ത ബോധവൽക്കരണപ്രവർത്തനങ്ങൾ ഒഴിവാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ രീതിയിൽ പദ്ധതി തയ്യാറാക്കി നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 23/19-9-23) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രോജക്റ്റ് നടപ്പാക്കിയതിനാൽ ടിയിനത്തിൽ ചെലവഴിച്ച 42020/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-31 ഹരിത കർമ്മസേനയ്ക്ക് വാഹനം വാങ്ങൽ- ടെണ്ടർ നടപടിക്രമങ്ങളിലെ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം. | 428/23 ഹരിത കർമ്മസേനയ്ക്ക് വാഹനം വാങ്ങൽ |
| അടങ്കൽ | 3,00,000/-( CFC)+ 3,00,000/-(കേന്ദ്രവിഹിതം) = 6,00,000/- |
| ചെലവ് | 3,00,000/-(CFCബിൽ നം. P/88/15-3-23)+ 2,66,157/- (കേന്ദ്രവിഹിതം ചെക്ക് നം. 759502/27-3-23) = 5,66,157/- |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

9-3-23ലെ പഞ്ചായത്ത് കമ്മറ്റിയുടെ 4/1 നമ്പർ തീരുമാനപ്രകാരം ജെം മുഖേന വാഹനം വാങ്ങാൻ ബിഡ് ചെയ്തിരുന്നുവെങ്കിലും കരാറുകാർ ലേലം കൊണ്ടില്ലായെന്നും ജെം-ൽ വാഹനം ലഭ്യമല്ലാത്തതിനാലും 6,00,000 രൂപയിലധികരിക്കാതെ വാഹനം വാങ്ങാൻ തീരുമാനമെടുത്തിരുന്നു. വാഹനം ഏത് രീതിയിൽ വാങ്ങണം എന്നത് സംബന്ധിച്ച് കമ്മറ്റി തീരുമാനം എടുത്തതായി കാണുന്നില്ല. BH മോട്ടോർസ്, കോടിമത,എന്ന സ്ഥാപനത്തിന്റെ പ്രൊഫോർമ ഇൻവോയിസ് പ്രകാരം ടി സ്ഥാപനത്തിന് സപ്ളൈ ഓർഡർ നൽകുകയും വാഹനം വാങ്ങുകയും ചെയ്തിരുന്നു. പ്രസ്തുത വാങ്ങലിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാഹനം വാങ്ങലിന് ഓപ്പൺ ടെണ്ടർ നടത്തിയതായി കാണുന്നില്ല. ടെണ്ടർ ഫോമുകളും പ്രാഥമിക കരാറുടമ്പടികളുൾപ്പെടുന്ന രേഖകളും ഫയലില്ല. BH മോട്ടോർസ്, കോടിമത, ഭാരത് മോട്ടോർസ്, പത്തനംതിട്ട എന്നീ സ്ഥാപനങ്ങളുടെ പ്രൊഫോർമ ഇൻവോയ്സ് ഫയലിലുണ്ട്. പ്രൊഫോർമ ഇൻവോയ്സ് പ്രകാരം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ BH മോട്ടോർസിന് വാഹനം സപ്ലൈ ചെയ്യുന്നതിന് 13-3-23ന് കത്ത് നൽകിയതായി കാണുന്നു. ടി സ്ഥാപനത്തിന്റെ നിരക്ക് അംഗീകരിച്ച് കൊണ്ടുള്ള കമ്മറ്റി തീരുമാനം ഉള്ളതായി കാണുന്നില്ല.

2. സ്രോതസിൽ നിന്നും കിഴിവ് ചെയ്യേണ്ട 2% TDS കുറവ് ചെയ്തിരുന്നില്ല. 407349.22x 2% = 8146/-രൂപ സ്രോതസിൽ കിഴിവ് ചെയ്യാത്തത് മൂലം അധികമായി തുക നൽകുവാനിടയായി.

3. 18-3-23 ലെ 8(3) നമ്പർ കമ്മറ്റി തീരുമാനപ്രകാരം വാഹനത്തിന്റെ ബോഡിവർക്ക് ചെയ്യുന്നതിന് 35000/- രൂപ നിരക്കിൽ ശ്രീകൃഷ്ണ ഓട്ടോമൊബൈൽസിനെ ചുമതലപ്പെടുത്തിയതായി കാണുന്നു. ക്വട്ടേഷൻ നടപടി സ്വീകരിച്ചതായി കാണുന്നില്ല. ശ്രീകൃഷ്ണ ഓട്ടോമൊബൈൽസ് മഹീന്ദ്രയുടെ അംഗീകൃത വർക്ക് ഷോപ്പാണോയെന്നതും വ്യക്തമാക്കുന്ന രേഖകളില്ല.

മേൽപറഞ്ഞ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 23/19-9-23)മറുപടി ലഭ്യമായില്ല. ടെൻഡർ നടപടികൾ സ്വീകരിക്കാതെ വാഹനം വാങ്ങിയതിനാലും മറ്റ് അപാകതകൾ നിലനിൽക്കുന്നതിനാലും ഈയിനത്തിൽ ചെലവഴിച്ച 5,66,157/രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ജി.എസ്.ടി. ഇനത്തിൽ സ്രോതസ്സിൽ കുറവ് ചെയ്യേണ്ടിയിരുന്ന 8146/- രൂപ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി നിശ്ചിത ശീർഷകത്തിൽ ഒടുക്കുവരുത്തേണ്ടതാണ്.

1-32 CFC ഗ്രാന്റിൽ നിന്നും ആവർത്തനചെലവുകൾക്ക് തുക നൽകൽ-സർക്കാർ അനുമതി ലഭ്യമാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്റ്റ് നം.7/23 പ്രകാരം തെരുവുവിളക്കുകൾക്ക് കറന്റ് ചാർജ്ജ് നൽകുന്നതിനായി ധനകാര്യകമ്മീഷൻ ഗ്രാന്റ് 13,44,000/-രൂപ ചെലവഴിച്ചിരുന്നു. പ്രോജക്റ്റ് നം. 21/23, 36/23 എന്നിവ പ്രകാരം വാട്ടർ അതോറിറ്റിയിൽ വെള്ളക്കരം ഒടുക്കുന്നതിനായി യഥാക്രമം 3,85,893/-, 13,172/- രൂപ വീതം അൺടൈഡ് ധനകാര്യകമ്മീഷൻ ഗ്രാന്റ് തുക ചെലവഴിച്ചിട്ടുണ്ട്. മതിയായ തനത് ഫണ്ട് ഉള്ള പഞ്ചായത്തിന്റെ ആവർത്തനചെലവുകൾക്ക് തനത് ഫണ്ട് വിനിയോഗിച്ചാൽ മതിയാകും എന്നിരിക്കെ അൺടൈഡ് ധനകാര്യകമ്മീഷൻ ഗ്രാന്റ് വിഹിതം വിനിയോഗിച്ച നടപടി അംഗീകരിക്കാവുന്നതല്ല. അൺടൈഡ് ധനകാര്യകമ്മീഷൻ ഗ്രാന്റ് തുകകൾ വികസനഫണ്ട് എങ്ങനെ വിനിയോഗിക്കാമോ ആ രീതിയിൽ മാത്രമേ വിനിയോഗിക്കാവൂ എന്ന സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ആവർത്തനചെലവുകൾക്ക് ടി വിഹിതം ഉപയോഗിച്ചത് ക്രമപ്രകാരമല്ല. പ്രസ്തുത വിഷയത്തിൽ സർക്കാർ അനുമതി ലഭ്യമായിട്ടുണ്ടോയെന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 23/19-9-23) മറുപടി ലഭ്യമാക്കിയില്ല. ആവർത്തനചെലവുകൾക്ക് മതിയായ തനത് ഫണ്ട് ലഭ്യമായിരുന്നിട്ടും ധനകാര്യകമ്മീഷൻ ഗ്രാന്റ് വിഹിതം വിനിയോഗിച്ചതിന് മതിയായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-33 വിവിധ നിക്ഷേപപ്രവൃത്തികൾ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

ഗ്രാമ പഞ്ചായത്ത് 2022-23 വർഷം വിവിധ പ്രോജക്റ്റുകൾ പ്രകാരം സർക്കാർ ഏജൻസികളിൽ നിക്ഷേപിച്ച തുകകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക, ഫണ്ടിനം |
|---|---|---|---|
| 1. | ഭൂജല വകുപ്പ്, കോട്ടയം | 22/23 ടേക്ക് എ ബ്രേക്ക് പദ്ധതിയ്ക്കായി കുഴൽക്കിണർ നിർമ്മാണം, മോട്ടോർ സ്ഥാപിക്കൽ | 1,80,000/- CFC (P/86/14-3-23) |
| 2. | SSK, കോട്ടയം | 278/23 എസ്എസ് കെ വിഹിതം നൽകൽ | 5,00,000/-(വികസനഫണ്ട്-ബിൽ നം.18/19-10-22)+ 5,00,000/-(തനത്ഫണ്ട്-ചെക്ക് നം. 729523/31-3-23)= 10,00,000/- |
| 3 | കെഎസ്ഇബി, പൊൻകുന്നം | 423/23 മണ്ണംപ്ലാവ് കുടിവെള്ളപദ്ധതി-ഇലക്ട്രിസിറ്റി കണക്ഷൻ | 42652/-(തനത് ഫണ്ട്) ചെക്ക് നം. 341034/16-2-23 |
| ആകെ | | | 12,22,652 |

പ്രസ്തുത ഏജൻസികളുമായി ഗ്രാമപഞ്ചായത്ത് കരാറിലേർപ്പെട്ടതായി കാണുന്നില്ല. വിനിയോഗവിവരം ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 23/19-9-23) മറുപടി ലഭ്യമായില്ല. വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്നത് വരെ ആകെ ചെലവഴിച്ച 12,22,652/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-34 SC വനിതകൾക്ക് ഡ്രൈവിങ്ങ് പരിശീലനം -ലൈസൻസ് ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | 338/2023 വനിതകൾക്ക് ഡ്രൈവിങ്ങ് പരിശീലനം |
| അടങ്കൽ | 84,825/- (SCP) +28275 (ഗുണഭോക്തൃ വിഹിതം നേരിട്ട്) |

| | |
|---|---|
| | = 1,13,100/- |
| ചെലവ് | 84,825/- (SCP) + 28275 (ഗുണഭോക്തൃവിഹിതം നേരിട്ട്) =1,13,100/- |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്ട് പ്രകാരം 13 ഗുണഭോക്താക്കൾക്ക് ഡ്രൈവിങ്ങ് പരിശീലനം നടത്തുന്നതിനായി 84,825/- രൂപ എസ് സി പി വിഹിതത്തിൽ നിന്നും (ബിൽ നം 7/17-2-23, 15/28-2-23) ചെലവഴിക്കുകയും 28275/- രൂപ ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുകയും ചെയ്തിരുന്നു. എന്നാൽ പരിശീലനം നേടിയ 13 ഗുണഭോക്താക്കളിൽ ചുവടെ ചേർക്കുന്നവർ ഡ്രൈവിങ്ങ് ലൈസൻസ് നാളിതുവരെ എടുത്തിട്ടില്ലായെന്ന് കാണുന്നു.

1. ശ്രീജമോൾ വി കെ

2. ശോഭന സജൻ

3 സന്ധ്യ രമേശ്

4. നിഷാകുമാരി കെ എസ്

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 7/15-09-23) മറുപടിയായി പരിശീലനം പൂർത്തിയാക്കിയതായും ക്ഷമതാപരീക്ഷയിൽ വിജയിക്കുക എന്നത് വ്യക്തികളെ ആശ്രയിച്ചിരിക്കുമെന്നും അറിയിച്ചിരുന്നു. എന്നാൽ ഡ്രൈവിങ്ങ് ലൈസൻസ് ലഭ്യമാക്കാതെ പ്രസ്തുത പരിശീലനം ലക്ഷ്യം കൈവരിച്ചതായി കണക്കാക്കാനാകുകയില്ല. എല്ലാ ഗുണഭോക്താക്കളും ലൈസൻസ് ഹാജരാക്കണമെന്ന് കരാറിൽ ഉൾപ്പെടുത്തേണ്ടിയിരുന്നു. മേൽപറഞ്ഞ ഗുണഭോക്താക്കളുടെ ലൈസൻസ് ലഭ്യമാകുന്നമുറയ്ക്ക് വിവരം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-35 ആശ്രയ പദ്ധതി- വികസനഫണ്ട് തുകകൾ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല

| | |
|---|---|
| പ്രോജക്ട് നം. | 239/23 ആശ്രയ പദ്ധതി |
| അടങ്കൽ | 4,38,060/- (വികസനഫണ്ട് ) |
| ചെലവ് | 4,38,060/- (വികസനഫണ്ട് ) |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

ആശ്രയ പദ്ധതി പ്രോജക്ട് പ്രകാരം പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും 4,38,060/- (ബിൽ നം. 5/8-2-23) രൂപ പിൻവലിച്ച് അഗതിരഹിതകേരളം അക്കൗണ്ടിൽ (കാനറ ബാങ്ക് അക്കൗണ്ട് നം. 43522010001288) ക്രഡിറ്റ് ചെയ്തതായി കാണുന്നു. ടി തുക നാളിതുവരെ വിനിയോഗിച്ചതായി കാണുന്നില്ല. കൂടാതെ ടി ബാങ്ക് അക്കൗണ്ടിൽ മേൽ തുക ഉൾപ്പെടെ 10,36,729/- രൂപ വികസനഫണ്ട് വിഹിതം അവശേഷിക്കുന്നതായി കാണുന്നു. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 7/15-9-23) മറുപടിയായി വീടുകളുടെ പുനരുദ്ധാരണത്തിന് എസ്റ്റിമേറ്റ് ലഭ്യമാക്കുവാൻ അസിസ്റ്റന്റ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിരുന്നു. വികസനഫണ്ട് തുകകൾ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല. വീട് പുനരുദ്ധാരണത്തിന് അടിയന്തരനടപടി സ്വീകരിച്ച് വിവരം അറിയിക്കുന്നത് വരെ 4,38,060/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-36 കാർഷികോല്പന്ന ഡ്രയർ യൂണിറ്റ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം./പേര് | 53/23, കാർഷികോല്പന്ന ഡ്രയർ യൂണിറ്റ് |
| അടങ്കൽ | 1550000/- രൂപ<br>(741652 രൂപ - വികസന ഫണ്ട് ,<br>808348 രൂപ -തനത് ഫണ്ട് ) |
| ചെലവ് | 1550000/- രൂപ |
| ബിൽ നം./തീയതി | വികസന ഫണ്ട് -741652 രൂപ<br>1/06.06.2022 - 2,59,600/-<br>2/06.06.2022 – 2,30,400/-<br>3/06.06.2022 – 63,283/- |

| | |
|---|---|
| | 4/06.06.2022 – 40,155/-<br>5/06.06.2022 – 45,972/-<br>6/06.06.2022 – 72,004/-<br>7/06.06.2022 - 30,238/-<br>തനത് ഫണ്ട് - 808348 രൂപ<br>323537/24.06.2022 – 162692/-<br>609489/16.08.2022 – 192000/-<br>609489/16.08.2022 – 40000/-<br>609622/08.11.2022 – 72753/-<br>609707/18.01.2023 – 140903/-<br>188/11.11.2022 – 200000/- (റിവോൾവിംഗ് ഫണ്ട്) |
| നിർവ്വഹണദ്യോഗസ്ഥ | കൃഷി ഓഫീസർ |

കപ്പയിൽ നിന്നും മൂല്യവർധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനായും അതോടൊപ്പം ഗ്രാമപ്രദേശങ്ങളിൽ ചെറുകിട വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിനായി കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രത്തിന്റെ സാങ്കേതിക സഹായത്തോടെ ശുദ്ധീകരിച്ച കപ്പപ്പൊടി, കപ്പപ്പൊടി ഉപയോഗിച്ചുള്ള സ്നാക്സ്, കപ്പ ചിപ്സ് മുതലായവ ഉൽപ്പാദിപ്പിച്ച് 'Chipro' എന്ന ബ്രാൻഡ് നെയിമിൽ വിപണനം ചെയ്യുന്നതിനായാണ് മേൽ പ്രോജക്ട് ആവിഷ്കരിച്ചിട്ടുള്ളത്. കപ്പയിൽ നിന്നും ഭക്ഷ്യയോഗ്യമായ പൊടി ഉൽപ്പാദിപ്പിച്ച് മൂല്യവർദ്ധിത ഉത്പന്നങ്ങളായി മാറ്റുന്നതിനായി കപ്പ അരിയൽ യന്ത്രം, പൊടി യന്ത്രം, ഡഫ് മിക്സർ, സ്നാക് ഫുഡ് മെഷീൻ, ബാൻഡ് സീലർ, വെയിങ് മെഷീൻ തുടങ്ങിയ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ടുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1. അഞ്ച് കർഷകർക്ക് നേരിട്ട് ജോലി നൽകുന്നതിനും വിളവെടുപ്പ്, വൃത്തിയാക്കൽ, കയറ്റിറക്ക് എന്നിവയുൾപ്പെടെ നേരിട്ടല്ലാതെ 100 ദിവസത്തെ ജോലി സൃഷ്ടിക്കുകയും ചെയ്യുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന കർഷക സംഘങ്ങളിൽ നിന്നും കർഷകരെ തിരഞ്ഞെടുക്കുകയും CTCRI - യുമായി ചേർന്ന് പരിശീലനം നൽകി അവരെക്കൊണ്ട് യൂണിറ്റ് പ്രവർത്തിപ്പിക്കുകയും ചെയ്യുകയാണ് ലക്ഷ്യമിട്ടിരുന്നത്. 'ചിപ്രോ' സ്വയംസഹായ സംഘത്തെയാണ് പദ്ധതി നടപ്പിലാക്കുവാനായി ഏൽപ്പിച്ചിരിക്കുന്നത്. ഈ കർഷകസംഘം രജിസ്റ്റർ ചെയ്തിട്ടുള്ളത് 07.01.2022–ൽ മാത്രമാണ് (നം. V2R/BP/128/2022). തിരഞ്ഞെടുക്കപ്പെട്ട കർഷകർ ആരൊക്കെയാണെന്നോ അവരെ തിരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്താണെന്നോ ഫയലിൽ നിന്നും വ്യക്തമല്ല.

2. സ.ഉ.(കൈ)നം.22/18/ത.സ്വ.ഭ.വ, തീയതി:14.02.2018 സബ്സിഡി മാർഗ്ഗരേഖ, ഖണ്ഡിക 6.1.24 ൽ കാർഷികാധിഷ്ഠിത ഉത്പന്ന നിർമ്മാണം ജില്ലാ ആസൂത്രണ സമിതി സംയുക്ത പ്രോജക്ടായി നടപ്പാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരിക്കുന്നു. ഓരോ ജില്ലയ്ക്കും അനുയോജ്യമായ കാർഷിക വിളകൾ ഉൽപ്പാദിപ്പിക്കുവാനും മൂല്യ വർധിത ഉത്പന്നങ്ങളാക്കി പ്രത്യേക ബ്രാന്റായി പാക്ക് ചെയ്ത് വിപണന ശൃഖല വഴി വിറ്റഴിക്കുന്നതിനും ജില്ലാ തലത്തിലാണ് പദ്ധതി തയ്യാറാക്കേണ്ടത്. ജില്ലാ കേന്ദ്രത്തിൽ മൂല്യവർധിത ഉത്പാദന കേന്ദ്രം ആരംഭിക്കുകയും ഘട്ടം ഘട്ടമായി വിപുലീകരിക്കുകയുമാണ് വേണ്ടത്. കൂടാതെ ഇത്തരം പ്രോജക്ട് പഞ്ചായത്തുകൾക്ക് മാത്രമായി നടപ്പാക്കാനാവില്ല. ജില്ലാ പഞ്ചായത്ത് നോഡൽ ഏജൻസിയായി ജില്ലാ തലത്തിൽ വേണം ഇത്തരം പ്രോജക്ടുകൾ നടപ്പിലാക്കേണ്ടത്. വാങ്ങേണ്ട ഉപകരണങ്ങളുടെ യൂണിറ്റ് കോസ്റ്റ് ജില്ലാ ആസൂത്രണ സമിതിയിൽ നിന്നും നിശ്ചയിച്ച് വാങ്ങിയതിന് ശേഷം മാത്രമേ ടെണ്ടർ നടപടികളിലേക്ക് കടക്കാവൂ. ഉപകരണങ്ങൾക്ക് യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കാതെയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. സബ്സിഡി മാർഗരേഖ ഖണ്ഡിക 6-4 പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് സബ്സിഡി നൽകാവുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്ന സബ്സിഡി/ധനസഹായങ്ങളുടെ വിശദാംശങ്ങൾ ഖണ്ഡിക 6.4.1 മുതൽ 6.4.16 വരെയുള്ള ഖണ്ഡികകളിൽ ചേർത്തിരിക്കുന്നു. ആയത് പ്രകാരം ഏതൊരു സംരംഭങ്ങൾക്കും (സ്ത്രീകളുടെ മാത്രം ഗ്രൂപ്പ് സംരംഭങ്ങൾ, പട്ടികജാതി/പട്ടിക വർഗ്ഗ സംരംഭങ്ങൾ) പരമാവധി അനുവദിക്കാവുന്ന സബ്സിഡി 3,00,000/- രൂപയും കുറഞ്ഞത് 5 പേരെങ്കിലുമുള്ള പൊതുവിഭാഗം ഗ്രൂപ്പ് സംരംഭങ്ങൾക്ക് പരമാവധി അനുവദിക്കാവുന്ന സബ്സിഡി തുക 2,00,000/- രൂപയുമാണ്. 'ചിപ്രോ' കർഷക സംഘം പൊതു വിഭാഗത്തിൽ ഉൾപ്പെടുന്നതാകയാൽ പരമാവധി അനുവദിക്കാവുന്ന സബ്സിഡി തുക 2 ലക്ഷം രൂപ മാത്രമാണ് എങ്കിലും ഇത് പരിഗണിക്കാതെയാണ് ടി ഫുഡ് പ്രോസസിംഗ് യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായി വന്ന മുഴുവൻ തുകയും (15,50,000/- രൂപ) സബ്സിഡിയായി ലഭ്യമാക്കിയത്. കർഷക സംഘത്തിന് ബാങ്ക് ലോൺ ലഭ്യമാക്കിയിട്ടുള്ളതായി കാണുന്നില്ല. വായ്പാബന്ധിതമായി നടപ്പാക്കേണ്ട പദ്ധതി പ്ലാൻ

ഫണ്ടും തനത് ഫണ്ടും ഉപയോഗിച്ച് സബ്സിഡി മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായാണ് നടപ്പാക്കിയിട്ടുള്ളത്.

സബ്സിഡി മാർഗ്ഗരേഖ, ഖണ്ഡിക 6.1.16 പ്രകാരമാണ് പദ്ധതി നടപ്പാക്കിയതെന്നാണ് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചത്. എന്നാൽ ഖണ്ഡിക 6.1.16 പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് കാർഷിക കർമ്മ സേനകൾ, കർഷക ഗ്രൂപ്പുകൾ, എക്കോ ഷോപ്പുകൾ മുതലായവയുടെ അടിസ്ഥാന സൗകര്യങ്ങൾ, വാടക, ഉപകരണം, ശീതീകരണ സംവിധാനം എന്നിവയുടെ അടിസ്ഥാനത്തിൽ വാർഷിക ഗ്രാന്റ് നൽകുവാൻ മാത്രമേ കഴിയൂ.

3. യൂണിറ്റ് സ്ഥാപിച്ചിരിക്കുന്നത് പഞ്ചായത്ത് ഓഫീസിന്റെ സെല്ലാർ ഫ്ലോറിലാണ്. ഭൗതിക പരിശോധന നടത്തിയപ്പോൾ തീർത്തും വൃത്തിഹീനമായ സാഹചര്യത്തിൽ ഉത്പന്നങ്ങളുടെ പാക്കറ്റുകൾ ഉൾപ്പെടെ കൂട്ടിയിട്ടിരിക്കുന്നതായാണ് കാണുവാൻ കഴിഞ്ഞത്. യന്ത്രങ്ങൾ ഉപയോഗത്തിന് ശേഷം ക്ലീൻ ചെയ്യുന്നില്ല. പൊതുജനങ്ങൾക്ക് ഉപയോഗിക്കുവാനുള്ള ഭക്ഷ്യോല്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുവാനായി ഉപയോഗിക്കുന്ന ഉപകരണങ്ങൾ യാതൊരു വൃത്തിയുമില്ലാത്ത സ്ഥിതിയിലാണ് സൂക്ഷിച്ചിരിക്കുന്നതെന്ന് 13.09.2023ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ കാണപ്പെട്ടു. ഉപകരണങ്ങൾ ദീർഘ നാളായി പ്രവർത്തിപ്പിച്ചിട്ടുമില്ല. പ്രൊഡക്ഷൻ നടത്തിയതിനുശേഷം ബാക്കി വരുന്ന കപ്പപ്പൊടിയും മറ്റും ട്രേകളിലും യന്ത്രഭാഗങ്ങളിലും പൂപ്പൽ ബാധിച്ച് പറ്റിപ്പിടിച്ചിരിക്കുകയാണ്. തന്മൂലം വലിയ വില നൽകി വാങ്ങിയ യന്ത്രങ്ങൾ ഉരുമ്പെടുത്ത് നശിച്ചുപോകുവാൻ സാധ്യതയുണ്ട്. കൃത്യമായ മോണിറ്ററിങ്ങിന്റെ അഭാവം മൂലമാണ് യൂണിറ്റിന്റെ പ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുവാൻ കഴിയാത്തത്. മോണിറ്ററിങ്ങ് കമ്മിറ്റി, പ്രോജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം നിർവ്വഹണ ഘട്ടത്തിൽ ഗുണമേന്മയോടെ നിർവ്വഹിക്കപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കേണ്ടതായിരുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട മോണിറ്ററിങ്ങ് കമ്മിറ്റി യോഗം ചേർന്ന് റിപ്പോർട്ട് തയ്യാറാക്കി യഥാസമയങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകിയതായി കാണുന്നില്ല. യൂണിറ്റിന്റെ തുടർ പ്രവർത്തനങ്ങളെ നിരീക്ഷിക്കുന്നതിലുണ്ടായ വീഴ്ച, പദ്ധതി പ്രകാരം വിഭാവനം ചെയ്ത ലക്ഷ്യം പൂർണ്ണമായും നേടിയെടുക്കുന്നതിന് വിഘാതമായിട്ടുണ്ട്. ഓണത്തോടനുബന്ധിച്ച് 23.08.2023ന് ആണ് അവസാനമായി ഉത്പാദനം നടത്തിയതെന്നും ഓണത്തിന്റെ തിരക്കും അവധിയും മൂലം ഉപകരണങ്ങൾ യഥാവിധം വൃത്തിയാക്കുവാൻ സാധിച്ചില്ല. ആയത് വൃത്തിയാക്കുവാൻ സംഘത്തിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.













4. അസംസ്കൃത വസ്തുക്കൾ വാങ്ങിയതിന്റെയോ ആയവ വാങ്ങിയതിന് ആനുപാതികമായി ഉത്പാദനം നടത്തിയതിന്റെയോ ഉത്പാദിപ്പിച്ച സാധനങ്ങൾ വിറ്റഴിച്ചതിന്റെയോ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ഓഡിറ്റ് പരിശോധനയ്ക്കായി ഹാജരാക്കിയ ഫയലിൽ ക്വട്ടേഷനുകളും ബില്ലുകളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സംഘത്തിന്റെ ക്യാഷ് ബുക്ക്, പ്രവർത്തന റിപ്പോർട്ട്, ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ ലൈസൻസ് എന്നിവയും പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

5. റിവോൾവിംഗ് ഫണ്ടിനത്തിൽ 200000/- രൂപ സംഘത്തിന് അനുവദിച്ചിട്ടുണ്ട്. സ.ഉ.(കൈ)നം.115/2022/തസ്വഭവ തീയതി: 28.05.2022 ലെ സബ്സിഡി മാർഗ്ഗരേഖ പ്രകാരം റിവോൾവിംഗ് ഫണ്ട് ഗുണഭോക്താവിനുള്ള ധനസഹായമല്ല. താൽക്കാലികമായ പലിശ രഹിത പ്രോത്സാഹനം മാത്രമാണ്. ഇത് പ്രതിമാസ തവണകളായി തിരിച്ചടയ്ക്കണം. തിരിച്ചടവ്, സഹായം ലഭിച്ച് മൂന്നു മാസം കഴിഞ്ഞ് ആരംഭിച്ചാൽ മതിയാകും. ആദ്യത്തെ ഒൻപത് മാസം ഇ.എം.ഐ കുറഞ്ഞ നിരക്കിൽ നിശ്ചയിച്ച് ഉദ്യോഗസ്ഥൻ ക്രമീകരിക്കണം. റിവോൾവിംഗ് ഫണ്ട് തിരിച്ചടയ്ക്കേണ്ടത് ഈ ആവശ്യത്തിനായി നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ ആരംഭിക്കുന്ന റിവോൾവിംഗ് ഫണ്ട് റീക്ലപ്പ്മെന്റ് ബാങ്ക് അക്കൗണ്ടിലേയ്ക്കാണ്. റീക്ലപ്പ്മെന്റ് ഫണ്ടിൽ വരുന്ന തുകയും അടുത്ത വർഷം തദ്ദേശഭരണ സ്ഥാപനം വകയിരുത്തുന്ന തുകയും ചേർന്നതായിരിക്കും വരും വർഷത്തെ റിവോൾവിംഗ് ഫണ്ട്. റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് സംബന്ധിച്ച് ഒരു രജിസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കേണ്ടതും അതിൽ ഓരോ സംരംഭകർക്കും ഓരോ ഫോളിയോ നൽകി റിവോൾവിംഗ് ഫണ്ട്, തവണ, ബാങ്ക് വായ്പ, കാലാവധി, പലിശ നിരക്ക് എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും തിരിച്ചടവ് സംബന്ധിച്ച ബാങ്ക് സ്ലിപ്പുകളുടെ പകർപ്പുകൾ അതാത് സമയം നിർവ്വഹണ ഉദ്യോഗസ്ഥനു നൽകി രജിസ്റ്ററിൽ വരവ് വയ്ക്കേണ്ടതുമാണ്. ഇപ്രകാരം ഫണ്ട് റിവോൾവ് ചെയ്ത് ഉപയോഗപ്പെടുത്തുന്നതിനുള്ള രേഖകളും ലഭ്യമാക്കേണ്ടതാണ്.

6. പഞ്ചായത്ത് ഓഫീസിന്റെ സെല്ലാർ ഫ്ലോറിലാണ് സംരംഭം പ്രവർത്തിക്കുന്നത്. സംരംഭത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് 13.09.23 ന് പരിശോധന നടത്തിയപ്പോൾ യൂണിറ്റിൽ നിന്നും ഉത്പാദിപ്പിക്കുന്ന ഭക്ഷ്യവസ്തുക്കൾ വിപണനം ചെയ്യുവാൻ സംഘത്തിന് കഴിയുന്നില്ല എന്നതാണ് കാണുവാൻ കഴിഞ്ഞത്. സംരംഭം പ്രവർത്തനമാരംഭിച്ച 2022 നവംബർ മാസം ഉൽപ്പാദിപ്പിച്ച പ്രൊഡക്ടുകൾ പോലും വിറ്റഴിക്കുവാനാവാതെ എക്സ്പയറി തീയതി കഴിഞ്ഞതിനാൽ കൂട്ടി ഇട്ടിരിക്കുന്നതായാണ് കണ്ടത്. ഓണം പോലുള്ള വിശേഷാവസരങ്ങളിലെ ഉപയോഗത്തിനുവേണ്ടി മാത്രമാണ് ഇപ്പോൾ യൂണിറ്റിൽ ഉത്പാദനം നടക്കുന്നത്. സംരംഭത്തിന് ഇനിയും മാർക്കറ്റ് കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല എന്നാണ് ഇതിൽ നിന്നും വ്യക്തമാവുന്നത്. സാധ്യതാ പഠനം നടത്താതെ പദ്ധതി വിഭാവനം ചെയ്തതിനാലാണ് ഇങ്ങനെ സംഭവിച്ചത്. പദ്ധതി എപ്രകാരം നടപ്പാക്കണമെന്നത് സംബന്ധിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ട് പദ്ധതി ആരംഭിക്കുന്നതിന് മുന്നോടിയായി തയ്യാറാക്കേണ്ടതായിരുന്നു. പ്രോജക്ടിന്റെ പ്രായോഗികത പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിൽ നിർവ്വഹണോദ്യോഗസ്ഥന് വീഴ്ച സംഭവിച്ചിട്ടുണ്ട്.






7. പദ്ധതിയുടെ വെറ്റിങ്ങ് ഓഫീസർ കൃഷി അസിസ്റ്റന്റ് ഡയറക്ടറാണ്. സ.ഉ.(കൈ)നം.84/22/ത.സ്വ.ഭ.വ. തീയതി: 19.04.2022 ഖണ്ഡിക 3.7.1 പ്രകാരം പദ്ധതി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് മുന്നേ ബന്ധപ്പെട്ട വെറ്റിങ്ങ് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയെ വിളിച്ചുവരുത്തി പ്രോജക്ട് ക്ലിനിക്ക് മാതൃകയിൽ പ്രോജക്ട് നടപ്പാക്കാവുന്നതാണോ എന്ന് പരിശോധിക്കുകയും പ്രോജക്ടിൽ ന്യൂനതകൾ ഉണ്ടെങ്കിൽ ആയത് പരിഹരിക്കുകയും പ്രോജക്ട് കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യേണ്ടതായിരുന്നു.

8. ഗുഡ്സ് ആൻഡ് സർവീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നമ്പർ 65/39/2018/DOR, സ.ഉ.(പി)162/2018/ധനം തീയതി: 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി ടി.ഡി.എസ് ഈടാക്കുവാൻ നിർദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.2019 ലെ നമ്പർ ഡി.എ.1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം നിർവ്വഹണം നടത്തുന്ന പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർവ്വഹണോദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്. കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ മേൽ പ്രോജക്ടിലുൾപ്പെടുത്തി കാർഷിക ഉത്പാദന ഡ്രയർ യൂണിറ്റ് വാങ്ങുന്നതിനായി 490000/- രൂപ അടങ്കൽ തുകയായി 04.03.2022 തീയതിയിൽ ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ തുക ക്വോട്ട് ചെയ്ത കുട്ടംതടത്തിൽ ട്രേഡേഴ്സ് ആൻഡ് മാനുഫാക്ച്ചറേഴ്സ് എന്ന സ്ഥാപനത്തിന് ടെണ്ടർ സ്ഥിരപ്പെടുത്തി നൽകുകയും ചെയ്തു. ടി സ്ഥാപനം Agri Dryer Parts Oven, Agri Dryer Parts Chamber എന്നീ ഉപകരണങ്ങൾ സപ്ലൈ ചെയ്യുകയും ആയതിലേക്കായി 23.03.23ലെ No. KTMGG/21-22/541, No.KTMGG/21-22/542 ഇൻവോയിസുകൾ പ്രകാരം ആകെ 490000/- രൂപ (259600+230400) നൽകിയിട്ടുണ്ട്. എന്നാൽ ജി.എസ്.ടി തുകയായ 74,746/- രൂപ കിഴിച്ചുള്ള 4,15,254/- രൂപയുടെ 2% ആയ 8305/- രൂപ ടി.ഡി.എസ്. ഈടാക്കേണ്ടതായിരുന്നുവെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. കൂടാതെ വാറണ്ടി സംബന്ധിച്ച് ഇൻവോയിസിൽ രേഖപ്പെടുത്തലുകളില്ല. ഇൻസ്റ്റലേഷൻ റിപ്പോർട്ട് ഫയലിൽ ചേർത്തിട്ടില്ല. വലിയ തുകയ്ക്കുള്ള ഉപകരണങ്ങളായതിനാൽ ഭാവിയിൽ മെയിന്റനൻസ് ആവശ്യമായി വരുന്ന സാഹചര്യത്തിൽ ഉപകരണങ്ങൾ സപ്ലൈ ചെയ്ത സ്ഥാപനത്തിന്റെ സേവനം ഉറപ്പാക്കുന്നതിനായി ടി സ്ഥാപനവുമായി കരാറിൽ ഏർപ്പെടേണ്ടതായിരുന്നു. കരാറിന്റെ അഭാവത്തിൽ ഭാവിയിൽ ഉപകരണങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചാൽ മെയിന്റനൻസ് സംബന്ധിച്ച് സപ്ലൈ ചെയ്ത സ്ഥാപനത്തിന് നിയമപരമായ ബാധ്യത ഇല്ലാതാവുകയും ഉപകരണങ്ങളുടെ മെയിന്റനൻസ് പഞ്ചായത്തിന്റെ ബാധ്യതയായി മാറുകയും ചെയ്യും. സപ്ലൈ സ്ഥാപനവുമായി കരാർ ചമച്ചിട്ടുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയെങ്കിലും കരാർ കോപ്പി പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല.



പഞ്ചായത്ത് വലിയ തുക മുടക്കി ഉപകരണങ്ങൾ വാങ്ങി പ്രവർത്തനസജ്ജമാക്കിയ ഫുഡ് പ്രോസസിങ്ങ് യൂണിറ്റിൽ നിന്നും ഉത്പാദിപ്പിക്കുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുള്ള ഉത്തരവാദിത്തം പഞ്ചായത്തിനാണ്. ഉത്പാദനം, വിപണനം എന്നിവയിൽ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതും ആയത് നിർവ്വഹണോദ്യോഗസ്ഥൻ, ബന്ധപ്പെട്ട മോണിറ്ററിങ്ങ് കമ്മറ്റി എന്നിവർ നിരീക്ഷിക്കേണ്ടതുമാണ്. മേൽ ഖണ്ഡികകളിൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ നിലനിൽക്കുന്നതിനാലും ഭക്ഷ്യസംസ്കരണയൂണിറ്റ് പൂർണ്ണമായും പ്രവർത്തനക്ഷമമാക്കാത്തതിനാലും ആകെ ചെലവഴിച്ച 15,50,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽസൂചിപ്പിച്ച മറ്റ് അപാകതകൾ പരിഹരിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-37 കാർഷിക വിപണനകേന്ദ്രം-നബാർഡ് സഹായം നഷ്ടപ്പെടാൻ സാദ്ധ്യത

2018-19 വർഷം ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തതാണ് കർഷക മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം എന്ന 62/2023 നമ്പർ പ്രോജക്ട്. 5 കോടി അടങ്കലുള്ള പ്രോജക്ടിൽ 4.75 കോടി നബാർഡ് സഹായവും 25 ലക്ഷം സംസ്ഥാനവിഹിതവുമാണ് വകയിരുത്തിയിരുന്നത്. ആയത് പ്രകാരം 2018-19ൽ 142.5 ലക്ഷവും 2019-20ൽ 332.5 ലക്ഷവും ഉൾപ്പെടെ 475 ലക്ഷം രൂപ പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് ലഭിക്കുമായിരുന്നു. എന്നാൽ നാളിതു വരെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കരാറുകാരനായ ജോളി ജോണിന് കഴിഞ്ഞിട്ടില്ല. DPR പ്രകാരം കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് തുക വകയിരുത്തിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| Sl.No | Ground Floor | 16641665.54 |
|---|---|---|
| 1 | First Floor | 13760125.27 |
| 2 | Second Floor | 14744294.38 |
| 3 | Yard | 283222.87 |
| 4 | Sanitary Details | 369885.93 |
| 5 | Water Supply | 244214.80 |
| 6 | Electrification | 500000.00 |
| 7 | Rain Water Harvesting | 100000.00 |
| 8 | Septic Tank & SoakPit | 100000.00 |
| 9 | Retaining Wall | 2000000.00 |

| | | |
|---|---|---|
| 10 | Unforseen Items | 1256591.21 |
| | Total | 50000000.00 |

മേൽ പട്ടികയിലെ ക്രമ നം. 5 വരെയുള്ള ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ക്ഷണിക്കുകയും കുറവു തുക രേഖപ്പെടുത്തിയ ജോളി ജോണിന് കരാർ ഉറപ്പിച്ച് നല്കുകയുമായിരുന്നു. 2-5-2019 സൈറ്റ് ഏറ്റെടുത്ത കരാറുകാരൻ വിവിധ കാരണങ്ങൾ സൂചിപ്പിച്ച് പ്രവൃത്തി ദീർഘീകരണത്തിന് അപേക്ഷിക്കുകയും ആയത് അംഗീകരിച്ച് കാലാവധി ദീർഘിപ്പിച്ച് നല്കുകയും ചെയ്തിട്ടുണ്ട്. നാളിതു വരെ ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| പാർട്ട് ബിൽ | പാർട്ട് ബിൽ തുക | നബാർഡ് സഹായം | തനത് ഫണ്ട് |
|---|---|---|---|
| I St & Part | 8993649 | 8543967 | 449682 |
| II Nd & Part | 9765904 | 9277609 | 488295 |
| III Rd& Part | 6218736 | 5908000 | 310736 |
| IV Th & Part | 5424580 | 5154000 | 270580 |
| V Th & Part | 2149542 | 2042000 | 107542 |
| Total | 32552411 | 30925576 | 1626835 |

പി എ യു പ്രോജക്ട് ഡയറക്ടറുടെ 22-8-2023 ലെ എ6/2431/19 നമ്പർ കത്ത് അനുസരിച്ച് ഡിസംബർ 2023 നകം പ്രവൃത്തി പൂർത്തീകരിച്ച് നബാർഡ് ധനസഹായം അവസാന ഗഡു കൈപ്പറ്റേണ്ടതായിട്ടുണ്ട്. എന്നാൽ 3.25 കോടി രൂപയുടെ പ്രവൃത്തി മാത്രമാണ് ഇതിനോടകം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളത്. കരാറുകാരൻ എഞ്ചിനീയർക്ക് നല്കിയ കത്ത് പ്രകാരം തുകയുടെ ലഭ്യത ഉറപ്പില്ലാത്തതിനാൽ പ്രവൃത്തി നിലവിൽ നിർത്തിയ അവസ്ഥയിലാണ്. സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ നബാർഡ് ധനസഹായം നഷ്ടപ്പെടുന്ന അവസ്ഥയിലാണ്.

അനുവദിച്ച നബാർഡ് ധനസഹായം വാങ്ങിയെടുക്കുന്നതിൽ പരാജയം

4.75 കോടി രൂപ നബാർഡ് സഹായം ലഭിക്കേണ്ടിയിരുന്ന നിർമ്മാണ പ്രവൃത്തിയിൽ 4.60 കോടി രൂപയുടെ കെട്ടിട നിർമ്മാണ പ്രവൃത്തികളാണ് ടെണ്ടർ ചെയ്തത്. കരാറുകാരൻ 4.28 കോടിക്ക് പ്രവൃത്തി ഏറ്റെടുത്തിട്ടുണ്ട്. 2018-19 ൽ ഏറ്റെടുത്ത പ്രോജക്ട് സമയബന്ധിതമായി പൂർത്തീകരിക്കുകയും ടെണ്ടർ സേവിംഗ്സ് ഉൾപ്പെടെ അനുബന്ധ പ്രവൃത്തികൾക്ക് വകയിരുത്തി സമയബന്ധിതമായി പ്രവൃത്തി നിർവ്വഹണം നടത്തിയിരുന്നെങ്കിൽ നബാർഡ് ധനസഹായം പൂർണ്ണമായും വിനിയോഗിക്കുന്നതിനും തനത് ഫണ്ടിൽ നിന്നുള്ള ചെലവ് നിയന്ത്രിക്കുന്നതിനും കഴിയുമായിരുന്നു. നിലവിലെ സ്ഥിതിയിൽ ലഭിച്ചതും വിനിയോഗിച്ചതുമായ നബാർഡ് ധനസഹായം സംബന്ധിച്ച വിവരം വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| അനുവദിച്ച തുക | 47500000.00 |
| നാളിതു വരെ ലഭിച്ച തുക | 30925576.00 |
| സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ നഷ്ടമാകുന്ന തുക | 16574424.00 |

മറ്റ് ഫണ്ടുകളിൽ നിന്നും കർഷക മാർക്കറ്റ് നിർമ്മാണത്തിന് തുക വകയിരുത്തുന്നത്

കരാറുകാരനും, നിർവ്വഹണ വകുപ്പും ചുമതലകൾ സമയബന്ധിതമായി നിർവ്വഹിക്കുന്നതിൽ കാലതാമസം വരുത്തിയത് മൂലം പ്രവൃത്തി യഥാസമയം പൂർത്തീകരിക്കുന്നതിനോ അനുബന്ധ പ്രോജക്ടുകൾ തയ്യാറാക്കി നബാർഡ് സഹായം വാങ്ങുന്നതിനോ കഴിഞ്ഞില്ല. നബാർഡ് ധനസഹായം 1.65 കോടി ലഭിക്കാൻ ബാക്കി നിൽക്കെ തനത് ഫണ്ട് ഉൾപ്പെടെ മറ്റ് ഫണ്ടുകൾ ഉപയോഗിച്ച് അനുബന്ധപ്രോജക്ടുകൾ തയ്യാറാക്കുകയും ചെലവഴിക്കുകയും ചെയ്യുന്ന സ്ഥിതിയാണ് നിലവിലുള്ളത്. പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി മറ്റ് ഫണ്ടുകളിൽ നിന്നും വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| കർഷകമാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് ഇലക്ട്രിഫിക്കേഷൻ(45/23) | 5300000 (തനത് ഫണ്ട്) | 1945837 |
| കൃഷിഭവൻ കാർഷിക വിപണന കേന്ദ്രം സംരക്ഷണഭിത്തി | 2500000 (തനത് ഫണ്ട്) | 00 |

| | | |
|---|---|---|
| നിർമ്മാണം(91/23) | | |
| കർഷകമാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് സെപ്റ്റിക് ടാങ്ക് നിർമ്മാണം | 773000 (ധന കമ്മീഷൻ ഗ്രാന്റ് )<br>2227000(കേന്ദ്ര.സഹായം)<br>600000 (മറ്റുള്ളവ) | 773000<br>832326<br>600000 |
| ആകെ | 11400000 | 4151163 |

പഞ്ചായത്ത് ഫണ്ടിൽ നിന്നും ഒരു രൂപ പോലും ചെലവില്ലാതെ പൂർണ്ണമായും മറ്റ് ധനസഹായം ഉപയോഗിച്ച് പൂർത്തീകരിക്കേണ്ട പ്രവൃത്തി കരാറുകാരന്റെയും നിർവ്വഹണ വിഭാഗത്തിന്റെയും കാര്യക്ഷമമല്ലാത്ത പ്രവർത്തനങ്ങൾ മൂലം നീണ്ടു പോകുകയും പഞ്ചായത്തിന്റെ മറ്റ് വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാമായിരുന്ന ഫണ്ടുകൾ കൂടി ഈ കെട്ടിടത്തിന്റെ പൂർത്തീകരണത്തിനായി ഉപയോഗിക്കേണ്ട അവസ്ഥയാണ് സംജാതമായിരിക്കുന്നത്. അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (15/18.09.23) മറുപടി ലഭിച്ചില്ല. ഭരണസമിതി വിഷയം അടിയന്തിരമായി പരിഗണിക്കേണ്ടതും നബാർഡ് ധനസഹായം നഷ്ടപ്പെടുന്ന അവസ്ഥ ഒഴിവാക്കേണ്ടതുമാണ്.

1-38 രാജേന്ദ്രമൈതാനം സ്വാതന്ത്ര്യസമര സ്മാരകം-മതിയായ അനുമതി ലഭ്യമാകാതെ പ്രവൃത്തി ആരംഭിച്ചു

അസിസ്റ്റന്റ് എഞ്ചിനീയറെ നിർവ്വഹണ ഉദ്യോഗസ്ഥനാക്കി 2020-21 ൽ തനത് ഫണ്ട് 2500000/- രൂപ വകയിരുത്തി ആസൂത്രണം ചെയ്തതാണ് രാജേന്ദ്രമൈതാനം സ്വാതന്ത്ര്യസമര സ്മാരകം എന്ന 64/23നമ്പർ പ്രോജക്ട്. ദേശീയപാതയോട് ചേർന്നുള്ള പഞ്ചായത്ത് വക സ്ഥലത്ത് തുറന്നഹാൾ, സ്റ്റേജ്, തടിയിൽ തീർത്ത കമാനം തുടങ്ങിയവയാണ് ലക്ഷ്യമിട്ടിരുന്നത്. പ്രവൃത്തി നടന്നുവരവേ ദേശീയപാത സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 21-8-2020 ലെ 32/16 നമ്പർ കത്തിലൂടെ മതിയായ അനുമതി വാങ്ങാതെ പ്രവൃത്തി ആരംഭിച്ചത് നിർത്തിവെക്കണമെന്ന് നിർദ്ദേശിക്കുകയും, കത്തിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി നിർത്താൻ കരാറുകാരനായ ഡിൻസ് ജോയിക്ക് നിർദ്ദേശം നല്കുകയും ചെയ്തു. നാളിതുവരെ 587562.26 രൂപ മൂല്യമുള്ള പ്രവൃത്തികൾ നടത്തുകയും 2022-23 വർഷം പ്രവൃത്തി അവസാനിപ്പിച്ച് കരാറുകാരന് ഫൈനൽ ബിൽ പ്രകാരം മേൽ തുക നല്കുകയും ചെയ്തു (നികുതികൾ കിഴിച്ച്).

നിർമ്മാണപ്രവൃത്തികൾ ഏറ്റെടുത്ത് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിന് മുൻപ് ഭൂലഭ്യത ഉറപ്പ് വരുത്തുക, കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്തുക, മറ്റ് ഏജൻസികളിൽ നിന്നും ആവശ്യമായ അനുമതികൾ വാങ്ങുക തുടങ്ങിയ നടപടികൾ പൂർത്തീകരിക്കേണ്ടതായിരുന്നു. പ്രോജക്ട് പരിശോധിച്ച് അംഗീകാരം നല്കുന്ന വെറ്റിംഗ് ഓഫീസറും മേൽ വിവരങ്ങൾ ഉറപ്പ് വരുത്തേണ്ടതായിരുന്നു. നിർവ്വഹണ വകുപ്പിൽ നിന്നും സ്വീകരിക്കേണ്ട നടപടികൾ സ്വീകരിക്കാതെയും അവശ്യരേഖകളും അനുമതികളും ഇല്ലാതെ അനധികൃതമായി ചെയ്ത പ്രവൃത്തിക്ക് ചെലവഴിച്ചതുക പാഴായി. അപാകതയിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.22/18.09.23) മറുപടി നല്കിയില്ല. 5.87 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടവും സ്ഥലവും പഞ്ചായത്തിന്റെ പൂർണ്ണ ഉടമസ്ഥതയിലാക്കുന്നതിനും ആവശ്യമായ അനുമതികൾ നേടി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

1-39 പൊതുമരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ സമയക്രമം പാലിക്കുന്നില്ല -പഞ്ചായത്തിന് അധികച്ചെലവ്

പ്രവൃത്തി പൂർത്തീകരണത്തിൽ സമയക്രമം പാലിക്കാത്ത കരാറുകാർക്കെതിരെ നടപടികളില്ല.

ചിറക്കടവ് ഗ്രാമപഞ്ചായത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന കരാറുകാർ സമയക്രമമനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കാത്തതു മൂലം പ്രവൃത്തിയുടെ ഗുണഫലം യഥാസമയം പൊതുജനങ്ങൾക്ക് ലഭിക്കുന്നില്ല. കൂടാതെ പഞ്ചായത്തിന് അനാവശ്യചെലവുകളും ഉണ്ടാകുന്നുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-8-2018 ലെ എ സി 2/223/15 നമ്പർ സർക്കുലർ, കരാറുകാരനുമായി ചമച്ചിട്ടുള്ള കരാർ എന്നിവ പ്രകാരം യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാർക്ക് ആദ്യ 20% കാലയളവ് ഫൈൻ ഇല്ലാതെയും തുടർന്ന് 3 മാസം 1% വും തുടർന്നുള്ള ഓരോ 3 മാസത്തിനും 2% ഫൈൻ ഈടാക്കിയും സമയം ദീർഘിപ്പിച്ച് നല്കാവുന്നതാണ്. എന്നാൽ കരാറുകാർ സമയ ദീർഘീകരണത്തിന് അപേക്ഷിക്കുകയോ, സപ്ളിമെന്ററി കരാർ വയ്ക്കുകയോ ചെയ്യാതെ വർഷങ്ങളോളം പ്രവൃത്തി നീട്ടിക്കൊണ്ട് പോയിട്ടും എഞ്ചിനീയറിംഗ് വിഭാഗം പൊതുമരാമത്ത് മാന്വൽ അനുശാസിക്കുന്ന നടപടികൾ സ്വീകരിക്കുന്നതായി കാണുന്നില്ല. വിശദ വിവരം ചുവടെ പട്ടികയിൽ ഉൾപ്പെടുത്തുന്നു.

പ്രവൃത്തി പൂർത്തീകരണത്തിൽ സമയക്രമം പാലിക്കാത്തതിനാൽ പഞ്ചായത്തിന് അധികച്ചെലവ്

ധനകാര്യ വകുപ്പ് സർക്കുലർ നമ്പർ 79/2022 ഫിൻ തീ 15-9-2022 പ്രകാരം 18-7-2022 മുതൽ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ജി എസ് റ്റി 18% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. 18-7-2022 ന് ശേഷം ഫൈനൽ ബിൽ തയ്യാറാക്കുന്ന പ്രവൃത്തികൾക്കാണ് ജി എസ് റ്റി 18% ബാധകമായിട്ടുള്ളത്. ഇത്തരം പ്രവൃത്തികൾക്ക് വേലമൂല്യത്തോടൊപ്പം 18% ജി എസ് റ്റി അധികമായി നല്കുന്നുണ്ട്. എന്നാൽ 2019-20 മുതൽ ആരംഭിച്ചതും ജി എസ് റ്റി വിഹിതമായി 12% എസ്റ്റിമേറ്റിൽ വകയിരുത്തിയതും 18-7-2022 ന് മുൻപ് പൂർത്തീകരണ

കാലാവധി കഴിഞ്ഞതുമായ പ്രവൃത്തികൾ കരാറുകാരന്റേതായ കാരണങ്ങളാൽ 18-7-2022 ന് ശേഷം പൂർത്തിയാക്കുകയും (സമയ ദീർഘീകരണത്തിന് അപേക്ഷിക്കുകയോ സപ്ളിമെന്ററി എഗ്രിമെന്റ് വയ്ക്കുകയോ ചെയ്തില്ല) ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ 18% ജി എസ് റ്റി അധികമായി വകയിരുത്തി നല്കുകയും ചെയ്തു. കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിച്ചിരുന്നു എങ്കിൽ പഞ്ചായത്തിന് 12% നികുതി ബാധ്യത മാത്രമേ ഉണ്ടാകുകയുള്ളൂ എന്നതിനാൽ അധികമായി വന്ന 6% നികുതി ബാധ്യത കരാറുകാരൻ സ്വന്തം നിലയിൽ കണ്ടെത്തേണ്ടതായിരുന്നു (എസ്റ്റിമേറ്റിലും 12% നികുതി മാത്രമേ വകയിരുത്തിയിട്ടുള്ളൂ). മേൽ അപാകതമൂലം പഞ്ചായത്തിനുണ്ടായ അധികച്ചെലവ് ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രനം | പ്രോ.നം | പ്രോജക്ട് | കരാറുകാരൻ | സൈറ്റ് ഏറ്റെടുത്ത തീയതി | പൂർത്തീകരിക്കേണ്ട തീയതി | പൂർത്തീകരണ കാലാവധി | അടങ്കൽ/ നാളിതുവരെ ചെലവ് | പൂർത്തിയായ തീയതി | ഈടാക്കിയ ഫൈൻ | ഈടാക്കേണ്ടിയിരുന്ന ഫൈൻ | ഫൈൻ ഈടാക്കിയതിലെ കുറവ് | ജി.എസ്.റ്റി ഇനത്തിലുള്ള അധിക ച്ചെലവ് |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 114/23 | ആൽത്തറ-ആലപ്പാട് കുടിവെള്ള പദ്ധതി | ഗിരീഷ് ചന്ദ്രൻ | 6/6/22 | 5/12/22 | 6 മാസം | 1220000/ 800139 | പൂർത്തിയായില്ല | - | - | - | - |
| 2 | 89/23 | പഞ്ചായത്ത് ഓഫീസ് നെയിംബോർഡ് | ഗിരീഷ് ചന്ദ്രൻ | 29/11/21 | 28/5/22 | 6 മാസം | 600000/ 406476 | പൂർത്തിയായില്ല | - | - | - | - |
| 3 | 84/23 | ചിറക്കടവ് വെസ്റ്റ് വായനശാല അറ്റകുറ്റപ്പണി | ഗിരീഷ് ചന്ദ്രൻ | 29/11/21 | 28/5/22 | 6 മാസം | 500000/ 450388 | 30/9/22 | 1561 | 3937 (1%) | 2376 | - |
| 4 | 95/23 | താന്നിക്കത്താഴെ കലുങ്ക് | ഗിരീഷ് ചന്ദ്രൻ | 24/3/22 | 23/9/22 | 6 മാസം | 550000/ 48598 | 18/3/23 | 1520 | 3366 (1%) | 1846 | - |
| 5 | 87/23 | ആനക്കയം പാർക്ക് പൂർത്തീകരണം | ഗിരീഷ് ചന്ദ്രൻ | 18/2/21 | 17/8/21 | 6 മാസം | 323000/ 255771 | 8/3/23 | 5113 | 28134 (11%) | 23021 | 3849 |
| 6 | 68/23 | ഗ്രാമീണ വായനശാല തെക്കേത്തുകവല | ജൂബി കെ ജോസ് | 23/11/19 | 24/5/20 | 6 മാസം | 600000/ 434916 | 15/9/22 | 00 | 73935 (17%) | 73935 | 16823 |
| 7 | 77/23 | ക്രിമറ്റോറിയം അടിസ്ഥാന സൗകര്യം | ജോളി ജോൺ | 25/2/21 | 24/8/21 | 6 മാസം | 485772/ 400458 | 18/3/22 | 00 | 12013 (3%) | 12013 | - |

മേൽ പറഞ്ഞ അപാകതകളിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.17/18.09.2023) നല്കിയ മറുപടിയിൽ അപാകതകൾ അംഗീകരിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം ഭരണസമിതി പരിശോധിക്കേണ്ടതും അപാകത ആവർത്തിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. കരാറുകാരിൽ നിന്നും ഫൈൻ തുകയും ജി എസ് റ്റി ഇനത്തിലുണ്ടായ അധികച്ചെലവും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-40 ഇ-ടെണ്ടർ ഫീസ് പഞ്ചായത്തിൽ ലഭിക്കുന്നില്ല

2016-17 മുതൽ 5 ലക്ഷത്തിന് മുകളിൽ അടങ്കലുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് കരാറുകാരനെ ഇ-ടെണ്ടർ മുഖാന്തിരമാണ് തെരഞ്ഞെടുക്കുന്നത്. ഇ-ടെണ്ടറിൽ, ടെണ്ടർ ഫീസ് കോട്ടയം ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവ് ചേർക്കുന്നത്. പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ആരംഭിക്കുന്ന കറന്റ് അക്കൗണ്ടിലേക്ക് ടെണ്ടർ ഫീസിന്റെ വിശദാംശങ്ങൾ ലഭിക്കുന്ന മുറക്ക് തുക നല്കുന്നതാണെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിപ്പ് നല്കിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചതനുസരിച്ച് 2017-18 മുതൽ 2022-23 വരെ 475046/- രൂപ ഈ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാനുണ്ട്. കുടിശികയായ തുക ലഭ്യമാക്കുന്നതിനൊപ്പം അതാത് സാമ്പത്തിക വർഷം വിശദാംശങ്ങൾ ലഭ്യമാക്കി ഇ-ടെണ്ടർ ഫീസ് പഞ്ചായത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-41 കന്നുകുട്ടി പരിപാലനം - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 269/23, കന്നുകുട്ടി പരിപാലനം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | ₹600000/- |

| | |
|---|---|
| | (₹300000 - വികസന ഫണ്ട് പൊതുവിഭാഗം, ₹300000 - മറ്റുള്ളവ) |
| ചെലവ് | ₹300000/- |
| ബിൽ നം./ തീയതി | 429/17.03.2023 -₹300000 |

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 24 ക്ഷീരകർഷകരെ ഗുണഭോക്താക്കളാക്കി വെറ്ററിനറി സർജൻ നടപ്പിലാക്കിയ "കന്നുകുട്ടി പരിപാലനം" എന്ന പ്രോജക്ടിനായി വികസനഫണ്ട് (പൊതുവിഭാഗം) -ൽ നിന്നും ₹3,00,000/- പിൻവലിച്ച് കാഫ് ഫീഡ് സബ്സിഡി സ്കീം അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ക്ഷീരകർഷകരുടെ ആറ് മാസത്തിൽ താഴെ പ്രായമുള്ള കിടാരികളെ ഇൻഷ്വർ ചെയ്ത് അവയുടെ പ്രസവം വരെയോ, സബ്സിഡി അവസാനിക്കുന്നതു വരെയോ 50% സബ്സിഡി നിരക്കിൽ എല്ലാമാസവും കാലിത്തീറ്റ നൽകുന്നതാണ് പദ്ധതി. പദ്ധതി പ്രകാരം ഓരോ ഗുണഭോക്താവിനും സബ്സിഡി ഇനത്തിൽ 12500/- രൂപയാണ് പരമാവധി അനുവദിക്കുന്ന തുക. ഈ പ്രോജക്ടിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നത് ചെറുവള്ളി ക്ഷീരസഹകരണ സംഘത്തിൽ നിന്നും കിടാരികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കിയിരിക്കുന്നത് യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയിൽ നിന്നുമാണ്.

പദ്ധതിയിലുൾപ്പെട്ട ശ്രീ. ചന്ദ്രശേഖരപിള്ള, എളങ്ങോലിൽ എന്നയാളുടെ കിടാരി ചത്തുപോയിട്ടുള്ളതായാണ് രേഖകൾ പരിശോധിച്ചപ്പോൾ മനസ്സിലാകുന്നത്. ടിയാന്റെ കിടാരിക്ക് നാളിതുവരെ 4815/- രൂപ സബ്സിഡിയായി നൽകിയിട്ടുണ്ട്. ടി ഗുണഭോക്താവിനുവേണ്ടി കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ഒടുക്കിയ തുകയിൽ ചെലവഴിച്ചിട്ടുള്ള 4815/- രൂപ കിഴിച്ച് ബാക്കിയുള്ള തുകയായ 7685/- രൂപ തിരികെ സർക്കാരിലേക്ക് ഒടുക്കുന്നതിനായും ഗുണഭോക്താവിന് ഇൻഷ്വറൻസ് തുക ലഭ്യമാക്കുന്നതിനായും സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (06/15.09.2023) മറുപടി ലഭ്യമായില്ല. തുടർനടപടികളുടെ വിശദാംശം അറിയിക്കേണ്ടതാണ്.

## 1-42 തയ്യൽ പരിശീലനം -മെഷീനുകൾ ഉപയോഗപ്രദമല്ലാത്ത അവസ്ഥയിൽ

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ ഭിന്നശേഷിക്കാരായ കുട്ടികളുടെ രക്ഷിതാക്കൾക്ക് തൊഴിൽ ശാക്തീകരണം എന്ന പ്രോജക്ട് (നമ്പർ 400/23) പ്രകാരം തനത് ഫണ്ടിൽ നിന്നും 38294/- രൂപ (ചെക്ക് നമ്പർ 60973/6.3.23 – 31294, ചെക്ക് നമ്പർ 609805/31.3.23 – 7000) ചെലവഴിച്ചിട്ടുണ്ട്. കാഞ്ഞിരപ്പള്ളി ബ്ലോക്ക് റിസോഴ്സ് സെന്റർ തയ്യാറാക്കിയ പ്രോജക്ടിൽ 9 രക്ഷിതാക്കളാണ് ഗുണഭോക്താക്കൾ. രക്ഷിതാക്കൾക്ക് തയ്യൽ പരിശീലനം നൽകാനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. തയ്യലിന്റെ പ്രാഥമിക പാഠങ്ങൾ പഠിച്ചിട്ടുള്ളവരെ ഒരു മാസം പരിശീലനം നൽകി നൈറ്റി, നൈറ്റ് ഡ്രസ്സ്, ചെറിയകുട്ടികളുടെ വസ്ത്രങ്ങൾ എന്നിവ തയ്ക്കാൻ പ്രാപ്തരാക്കുക എന്നതായിരുന്നു ലക്ഷ്യമിട്ടിരുന്നത്. തയ്യൽ പരിശീലനം നൽകുന്നതിന് സിന്ദു ബി.നായർ, അഞ്ജലി ഹൗസ്, ചിറക്കടവ് എന്നയാളെ പ്രതിമാസം 7000/- രൂപ നിരക്കിൽ പരിശീലകയായി തെരഞ്ഞെടുത്തു. ജോസ്& കമ്പനി, കാഞ്ഞിരപ്പള്ളി എന്ന സ്ഥാപനത്തിൽ നിന്നും 7000/- രൂപ നിരക്കിൽ (ബിൽ -475/01.03.23) 3 തയ്യൽ മെഷീനുകളും 450/- രൂപ നിരക്കിൽ 4 കത്രികകളും വാങ്ങിയിട്ടുണ്ട്. ഈ ഇനത്തിൽ ആകെ 22800/- രൂപ ചെലവഴിച്ചിട്ടുണ്ട്. കൃപ ക്രാഫ്റ്റ് ഹൗസ് കാഞ്ഞിരപ്പള്ളി എന്ന സ്ഥാപനത്തിൽ നിന്നും 1998/- (Bill- C1119/ 01.03.23) രൂപയുടെ മെറ്റീരിയൽസും, പൂർപ്പേൽ ടെക്സ്റ്റയിൽസ്, കാഞ്ഞിരപ്പള്ളി എന്ന സ്ഥാപനത്തിൽ നിന്നും 6496/- ( Bill B 157987/ 01.03.23) രൂപയുടെ തയ്യൽ സാധനങ്ങളും വാങ്ങിയിട്ടുണ്ട്. 2023 മാർച്ച് മാസത്തിൽ പരിശീലനം നടത്തിയതിന്റെ ഫീസ് ഇനത്തിൽ 7000/- രൂപ സിന്ദു ബി.നായർക്ക് നൽകിയിട്ടുണ്ട്. ബ്ലോക്ക് റിസോഴ്സ് സെന്ററിൽ നടത്തിയ പരിശോധനയിൽ നിലവിൽ ഒരു മാസത്തെ പരിശീലനത്തിന് ശേഷം വാങ്ങിയ മൂന്ന് തയ്യൽ മെഷീനുകളും, തയ്യൽ പരിശീലനത്തിനായി വാങ്ങിയ മറ്റ് സാധനങ്ങളും ഉപയോഗിക്കാതെ കിടക്കുന്നതായി കണ്ടു. പ്രോജക്ട് പ്രകാരം വാങ്ങിയ ഉപകരണങ്ങളും, സാധനങ്ങളും ഉപയോഗപ്രദമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-43 അഡ്വാൻസ് വാങ്ങിയ ഗുണഭോക്താവ് ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല

വി.ഇ.ഒ. നിർവ്വഹണം നടത്തിയ ഭവനപുനരുദ്ധാരണം (എസ് സിസിപി) എന്ന പ്രോജക്ട് (നമ്പർ 206/23) പ്രകാരം വികസന ഫണ്ട് എസ്.സി.പി.യിൽ നിന്നും 1504233/- രൂപയും, തനത് ഫണ്ടിൽ നിന്നും 229012/- രൂപയും ഉൾപ്പെടെ ആകെ 1733245/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഒരു ഗുണഭോക്താവിന്റെ ഭവനപുനരുദ്ധാരണത്തിന് 150000/- രൂപ വകയിരുത്തിയാണ് പ്രോജക്ട് വിഭാവനം ചെയ്തത്. ആകെ 14 ഗുണഭോക്താക്കൾ അഡ്വാൻസ് കൈപ്പറ്റിയിരുന്നു. ഇതിൽ 13 ഗുണഭോക്താക്കളും ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചിട്ടുണ്ട്. 25000/- രൂപ അഡ്വാൻസ് (ബിൽ നമ്പർ 12/20.12.22) കൈപ്പറ്റിയ ശ്രീമതി ഓമന കെ.കെ, വിജയഭവൻ, പാട്ടുപാറ എന്ന ഗുണഭോക്താവ് ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത ഗുണഭോക്താവിന്റെ ഭവനപുനരുദ്ധാരണം പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-44 ലൈഫ് ഭവന പദ്ധതി അവലോകനം

2022-23 വർഷം 34/23, 42/23 പ്രോജക്ടുകൾ പ്രകാരം പട്ടികജാതി വിഭാഗങ്ങൾക്കും, 33/232, 41/23 പ്രോജക്ടുകൾ പ്രകാരം ജനറൽ വിഭാഗങ്ങൾക്കും ലൈഫ് ഭവന പദ്ധതി നടപ്പാക്കിയത്. നാളിതുവരെയുള്ള ലൈഫ് ഭവന പദ്ധതി സംബന്ധിച്ച വിശദാംശം താഴെ ചേർക്കുന്നു.

ലൈഫ് ഫേസ്-2

| വിഭാഗം | ആകെ ഗുണഭോക്താക്കൾ | കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കൾ | നിലവിൽ ഭവനനിർമ്മാണം പൂർത്തിയാക്കിയവർ | ഭവനനിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നവർ |
|---|---|---|---|---|
| ജനറൽ | 63 | 63 | 60 | 3 |
| പട്ടികജാതി | 4 | 4 | 3 | 1 |
| പട്ടികവർഗ്ഗം | - | - | - | - |

ലൈഫ് ഫേസ്-3

| വിഭാഗം | ആകെ ഗുണഭോക്താക്കൾ | കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കൾ | നിലവിൽ ഭവനനിർമ്മാണം പൂർത്തിയാക്കിയവർ | ഭവനനിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നവർ |
|---|---|---|---|---|
| ജനറൽ | 43 | 43 | 34 | 9 |
| പട്ടികജാതി | 5 | 5 | 2 | 3 |
| പട്ടികവർഗ്ഗം | 1 | 1 | - | 1 |

ലൈഫ് എസ്.സി/എസ്.ടി അഡീഷണൽ ലിസ്റ്റ് ( വീട് ഇല്ലാത്തവർ)

| വിഭാഗം | ആകെ ഗുണഭോക്താക്കൾ | കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കൾ | നിലവിൽ ഭവനനിർമ്മാണം പൂർത്തിയാക്കിയവർ | ഭവനനിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നവർ |
|---|---|---|---|---|
| പട്ടികജാതി | 4 | 4 | 4 | - |
| പട്ടികവർഗ്ഗം | 1 | 1 | - | 1 |

ലൈഫ് എസ്.സി/എസ്.ടി അഡീഷണൽ ലിസ്റ്റ് ( വീടും സ്ഥലവും ഇല്ലാത്തവർ)

| വിഭാഗം | ആകെ ഗുണഭോക്താക്കൾ | കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കൾ | നിലവിൽ ഭവനനിർമ്മാണം പൂർത്തിയാക്കിയവർ | ഭവനനിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നവർ |
|---|---|---|---|---|
| പട്ടികജാതി | 5 | 5 | 3 | 2 |
| പട്ടികവർഗ്ഗം | 1 | 1 | - | 1 |

ലൈഫ് ഭവനപദ്ധതി പ്രോജക്ടുകൾ സാമാന്യം തൃപ്തികരമായി നടപ്പാക്കിയിട്ടുണ്ട്. ലൈഫ് ഫേസ്-3, ലൈഫ് എസ്.സി/എസ്.ടി അഡീഷണൽ ലിസ്റ്റ് (വീട് ഇല്ലാത്തവർ), ലൈഫ് എസ്.സി/എസ്.ടി അഡീഷണൽ ലിസ്റ്റ് (വീടും സ്ഥലവും ഇല്ലാത്തവർ) എന്നീ പ്രോജക്ടുകൾ തൃപ്തികരമായി പൂർത്തീകരിച്ചുവരുന്നു. രജിസ്റ്ററുകളും ഫയലുകളും തൃപ്തികരമായി തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. ഭവനനിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ലൈഫ് ഫേസ്-2 പ്രകാരം പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടവരിൽ ജനറൽ വിഭാഗത്തിൽ നിന്നുള്ള മൂന്ന് ഗുണഭോക്താക്കളും, എസ്.സി വിഭാഗത്തിൽ നിന്നുള്ള ഒരു ഗുണഭോക്താവും നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ജനറൽ വിഭാഗത്തിൽ നിന്നുള്ള ശ്രീമതി. ശ്രീക്കുട്ടി ചന്ദ്രൻ എന്ന ഗുണഭോക്താവ് 13.06.2022 ലെ 1220101701/G0551001 നമ്പർ രസീത് പ്രകാരം കൈപ്പറ്റിയ 40000/- രൂപ പലിശ സഹിതം 58400/- രൂപയായി തനത് ഫണ്ടിലേക്ക് തിരികെ ഒടുക്കിയിട്ടുണ്ട്. പ്രസ്തുത തുക സർക്കാർ ഫണ്ടിലേക്ക് തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. ഭവന നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്ന മറ്റ് ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ വിവരം | കൈപ്പറ്റിയ തുക | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | രജനി രാജഗോപാൽ, | 40000/ 13.06.2018 | റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് |

| | | | |
|---|---|---|---|
| | പുളിക്കൽ പുത്തൻ വീട്ടിൽ | | കമ്മറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| 2 | മറിയക്കുട്ടി, പുതുപ്പറമ്പിൽ | 260000<br>40000/ 14.09.2018<br>160000/ 04.01.2019<br>60000/29.03.2019<br>ആകെ 260000 രൂപ | സ.ഉ (കൈ) നം 34/2018/ തസ്വഭവ തീയതി 16.03.2018 ഖണ്ഡിക 7 പ്രകാരം വീടിന് സ്ഥിരമായ മേൽക്കൂര ഉണ്ടായിരിക്കേണ്ടതാണ് എന്നും, മേൽക്കൂര ഗാൽവനൈസ്ഡ് സ്റ്റീൽ /തടി ഫ്രെയിമിൽ ഓട് പാകുകയോ, കോൺക്രീറ്റ് ചെയ്യുകയോ ചെയ്യേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി മേൽക്കൂര നിർമ്മിച്ചത് ആസ്ബറ്റോസ് ഷീറ്റ് ഉപയോഗിച്ചാണ്. ഇതിനാൽ ബാക്കി തുക നൽകാനാവുന്നില്ല |
| 3 | സരസമ്മ, കാലായിൽ (എസ്.സി ഗുണഭോക്താവ്) | 40000/ 13.09.2018<br>160000/ 27.02.20190<br>ആകെ 200000 രൂപ | തറ നിർമ്മാണം മാത്രം പൂർത്തീകരിച്ചു. |

ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത മേൽ പ്രസ്താവിച്ച ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുകയോ, അല്ലാത്തപക്ഷം അനുവദിച്ച തുക തിരികെ ഈടാക്കുന്നതിന് നിയമാനുസൃത നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-45 ആർദ്രം മിഷൻ - ഹെൽത്ത് & വെൽനസ് സെന്റർ അടിസ്ഥാനസൗകര്യമൊരുക്കൽ - നിർവഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.305/23 |
| പ്രോജക്റ്റിന്റെ പേര് | ആർദ്രം മിഷൻ - ഹെൽത്ത് & വെൽനസ് സെന്റർ അടിസ്ഥാന സൗകര്യമൊരുക്കൽ |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| ധനസ്രോതസ് | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| അടങ്കൽ | 500000/- |

| | |
|---|---|
| ചെലവ് -<br>ബിൽ നമ്പർ/ തീയതി - 14/11.2022 | 100000/- വികസനഫണ്ട് |
| ചെക്ക് നമ്പർ/തീയതി - 5249957/23.1.2023 | 400000/-തനത് ഫണ്ട് |

ഗ്രാമപഞ്ചായത്തിലെ ഹെൽത്ത് & വെൽനസ് സെന്ററിന് അടിസ്ഥാന സൗകര്യമൊരുക്കാൻവേണ്ടി തയ്യാറാക്കിയ മേൽ പ്രോജക്ട് പ്രകാരം എൻ.എച്ച്.എം. ജില്ലാ കാര്യാലയത്തിന് ആകെ 500000/-രൂപ അനുവദിച്ചെങ്കിലും വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച് 24/19.8.2023 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. നിലവിൽ എൻ.എച്ച്.എം മുഖേന പ്രവൃത്തി നടന്നുവരികയാണെന്നും പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്നും നിർവഹണോദ്യോഗസ്ഥൻ ഓഡിറ്റിൽ അറിയിച്ചു. വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കുന്നത് വരെ 500000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-46 മരുന്ന് വാങ്ങൽ പ്രോജക്ടുകൾ - മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല

ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രോജക്ടുകൾ പ്രകാരം 2022-23 വർഷം ആശുപത്രികളിലേയ്ക്ക് മരുന്ന് വാങ്ങുന്നതിന് തുക മുൻകൂറായി ഡെപ്പോസിറ്റ് ചെയ്തെങ്കിലും മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണോദ്യോഗസ്ഥൻ | പ്രോജക്ടിന്റെ നമ്പർ | നിക്ഷേപിച്ച സ്ഥാപനം | ബിൽ നമ്പർ/ തീയതി | നിക്ഷേപിച്ച തുക | മരുന്ന് ലഭ്യമാകുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 11/23 | ഹോംകോ, ആലപ്പുഴ | 1/8.3.2023 | 150000 | 85535 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 14/23 | ഔഷധി, തൃശ്ശൂർ | 2/20.12.22<br>4/22.2.2023 | 500000<br>500000 | 500000 |
| ആകെ | | | | | 585535 |

ആയതിനാൽ 585535/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്ന് സമയബന്ധിതമായി ലഭിക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

1-47 സ്മാർട്ട് അങ്കണവാടി- നിർവഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.51/23 |
| പ്രോജക്ടിന്റെ പേര് | സ്മാർട്ട് അങ്കണവാടി |
| നിർവഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ധനസ്രോതസ് | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| അടങ്കൽ | 500000/- |
| ചെലവ് | 499853/- |

ഗ്രാമപഞ്ചായത്തിലെ 5 അങ്കണവാടി കെട്ടിടങ്ങൾ ശിശുസൗഹൃദമായി പെയിന്റ് ചെയ്യുന്നതിനും ഇൻഡോർ കളിയുപകരണങ്ങൾ ലഭ്യമാക്കുന്നതിനുംവേണ്ടി ആർട്ട്കോ, പാലക്കാട് എന്ന സ്ഥാപനം സമർപ്പിച്ച ക്വട്ടേഷൻ ഭരണസമിതി അംഗീകരിച്ച് പ്രവൃത്തി നടപ്പാക്കിയിരുന്നു. എന്നാൽ പ്രോജക്ടിനുവേണ്ടി ടെണ്ടർ ക്വട്ടേഷൻ ക്ഷണിക്കുകയോ അങ്കണവാടി കെട്ടിടങ്ങൾ ശിശുസൗഹൃദമായി പെയിന്റ് ചെയ്തതിന് എൽ.എസ്.ജി.ഡി. വിഭാഗത്തിന്റെ വാല്യുവേഷൻ നടത്തുകയോ ചെയ്തിരുന്നില്ല. 5 അങ്കണവാടി കെട്ടിടങ്ങൾക്ക് ശിശുസൗഹൃദമായി പെയിന്റ് ചെയ്തതിന് 29595/- രൂപ നിരക്കിൽ ആകെ 147975/- രൂപ അനുവദിച്ചിട്ടുണ്ട്.

ഇതു സംബന്ധിച്ച വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കുന്നതിന് നൽകിയ 2/13.9.2023 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ വനിതാശിശു വികസനവകുപ്പിന്റെ ചായം എന്ന പദ്ധതി പ്രകാരം അങ്കണവാടികൾ ഏറ്റെടുത്ത് നടപ്പിലാക്കിയത് ആർട്ട്കോ ആയതിനാലും സ.ഉ. (സാധാ.) 819/2021/ത.സ്വ.ഭ.വ തീയതി 30.3.2021, വനിതാശിശുവികസനവകുപ്പ് ഡയറക്ടറുടെ ഐ.സി.ഡി.എസ് - എ9/5906/2021 26.7.2021 നമ്പർ പരിപത്രം എന്നിവയുടെ അടിസ്ഥാനത്തിലുമാണ് ആർട്ട്കോ എന്ന സ്ഥാപനത്തെ നേരിട്ട് പ്രവൃത്തി ഏല്പിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ മേൽ

സർക്കാർ ഉത്തരവിൽ അങ്കണവാടികളുടെ ഇന്റീരിയർ വർക്കുകൾ ടെണ്ടർ ഏൽപ്പിക്കാമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ചായം പദ്ധതിയിൽ ഉൾപ്പെട്ട അങ്കണവാടികളുടെ സിവിൽ വർക്കുകൾ എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗം മുഖേന നിർവഹിക്കണമെന്ന് 26.7.2021ലെ പരിപത്രത്തിൽ നിർദ്ദേശിച്ചിട്ടുമുണ്ട്. സിവിൽ വർക്കായ പെയിന്റിംഗ് നടത്തിയതിനുശേഷം അളവുപുസ്തകത്തിൽ രേഖപ്പെടുത്തൽ നടത്തുകയും തദനുസൃതമായി തുക അനുവദിക്കുകയും ചെയ്യുന്നതിനുപകരം സ്ഥാപനം സമർപ്പിച്ച ബില്ലിന്റെ അടിസ്ഥാനത്തിൽ ഒരേ നിരക്കിൽ തുക അനുവദിച്ചത് ക്രമപ്രകാരമല്ല. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാത്തവിധം ഭരണസമിതിയും നിർവഹണോദ്യോഗസ്ഥരും ജാഗ്രത പുലർത്തേണ്ടതാണ്.

### 1-48 വസ്തുനികുതി പരിഷ്കരണം

സ.ഉ.(കൈ) 77/2023/തസ്വഭവ തീയതി 22.3.2023 പ്രകാരം 1.4.2023 പ്രാബല്യത്തിൽ ചിറക്കടവ് ഗ്രാമപഞ്ചായത്ത് പരിധിയിൽ വസ്തുനികുതി പരിഷ്കരിക്കുന്നതിന് ഭരണസമിതി തീരുമാനം (നമ്പർ 2(1)/18.4.2023) എടുത്തിട്ടുണ്ട്. ഇതിനെ തുടർന്ന് കരട് വിജ്ഞാപനം പുറപ്പെടുവിച്ച് പൊതുജനങ്ങളിൽനിന്ന് അഭിപ്രായങ്ങൾ, ആക്ഷേപങ്ങൾ ക്ഷണിക്കുകയും ചെയ്തിരുന്നു. പത്രത്തിലും നോട്ടീസ് ബോർഡിലും വിജ്ഞാപനം പ്രസിദ്ധീകരിച്ചെങ്കിലും ആക്ഷേപം ഒന്നും തന്നെയില്ലാതിരുന്നതിനാൽ അന്തിമവിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

5 വർഷത്തേയ്ക്കുള്ള ഡിമാൻഡ് നോട്ടീസ് ഫോറം 9Aകെട്ടിട ഉടമകൾക്ക് നൽകിയിട്ടുണ്ടെന്നും 31.3.2023 വരെ നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം, ഉപയോഗക്രമം എന്നിവയിലെ മാറ്റങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഫോറം 9B കെട്ടിട ഉടമകളിൽനിന്ന് ശേഖരിച്ച് ഫീൽഡ് പരിശോധന നടത്തുന്നതിലേയ്ക്കായി ഉദ്യോഗാർത്ഥികളെ തെരെഞ്ഞെടുത്തിട്ടുണ്ടെന്നും ഓഡിറ്റിൽ അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വിവിധ മേഖലകൾ, വഴികൾ എന്നിവയുടെ തരം നിലവിലുള്ള രീതിയിൽ തുടരുന്നതാണ്. വസ്തുനികുതി പരിഷ്കരണം സമയബന്ധിതമായി നടപ്പാക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2022-23 | 16.09.2023 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2022-23 വർഷം സംയുക്ത പ്രോജക്ടിനായി ലഭിച്ച ഫണ്ടിന്റെ വിനിയോഗം ധനകാര്യ പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, | | 200000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |

| | | | | |
|---|---|---|---|---|
| | | (220/23) | | |
| | 220000 | ലൈഫ് ഭവനപദ്ധതി – സ്ഥലം വാങ്ങൽ ഭവന നിർമ്മാണം – ജനറൽ (59/23) | 220000 | 0 |
| | 580000 | ലൈഫ് പദ്ധതി സ്ഥലം വാങ്ങൽ- ഭവന നിർമ്മാണം (188/23) | 580000 | 0 |
| വാഴൂർ | 100000 | കൈലാത്ത് കവല -താനത്ത്പടി കലുങ്ക് നിർമ്മാണം വാർഡ് 13 (72/23) | 100000 | 0 |
| | 414800 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (246/23) | 414800 | 0 |
| | 100000 | അങ്കണവാടി അനുപൂരക പോഷകാഹാര വിതരണം (25/23) | 100000 | 0 |
| ആകെ | 1614800 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1614800 | 0 |
| | 152971 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (220/23) | 152971 | 0 |
| | 900000 | ലൈഫ് പദ്ധതി സ്ഥലം വാങ്ങൽ- ഭവന നിർമ്മാണം (188/23) | 900000 | 0 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 196700 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (246/23) | 196700 | 0 |
| | 171217 | അങ്കണവാടി അനുപൂരക പോഷകാഹാര വിതരണം (25/23) | 171217 | 0 |
| | 688489 | എർത്തയിൽപടി എൻ എസ് എസ് കരയോഗം റോഡ് അറ്റകുറ്റപ്പണി വാർഡ് 6 | 688489 | 0 |
| ആകെ | 2109377 | ജില്ലാ പഞ്ചായത്ത് വിഹിതം | 2109377 | 0 |

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2022-23 വർഷത്തിൽ പഞ്ചായത്ത് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് സെക്രട്ടറി നടപ്പാക്കിയ 3 പ്രോജക്ടുകൾ പ്രകാരം വിവിധ ഏജൻസികളിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം മുൻകൂർ നൽകിയിട്ടുള്ള തുകകളുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം പ്രോജക്ട് തിരിച്ച് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|
| ഭൂജല വകുപ്പ്, കോട്ടയം | 22/23- ടേക്ക് എ ബ്രേക്ക് പദ്ധതിയ്ക്കായി കുഴൽക്കിണർ നിർമ്മാണം , മോട്ടോർ സ്ഥാപിക്കൽ | 1,80,000/- | 0 | 1,80,000/- |
| കെ.എസ്.ഇ.ബി, പൊൻകുന്നം | 423/23 - മണ്ണംപ്ലാവ് കുടിവെള്ളപദ്ധതി - ഇലക്ട്രിസിറ്റികണക്ഷൻ | 42652/- | 0 | 42652/- |
| | 12/23 - ഇലക്ട്രിക്ക് പോസ്റ്റ് ഷിഫ്റ്റിംഗ് | 130000/- | 130000/- | 0 |
| കെ.എസ്.ഐ.ഇ | 427/23 - എൽ പി ജി ഗ്യാസ് ക്രിമറ്റോറിയം അഡീഷണൽ ബർണർ വാങ്ങൽ | 2300000/- | 2300000/- | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2022-23 ൽ മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ,തീയതി | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് പദ്ധതി (കെ.യു.ആർ.ഡി.എഫ്.സി. ലോൺ) | ജി.ഒ(എം.എസ്) 68/2018, 18.05.2018, ജി.ഒ(എം.എസ്) 100/2018, 30.07.2018 | 620000 | 7656001 | 1934505 | -- | 6341496 |

2013-14 വർഷം പൊൻകുന്നം സർവീസ് സഹകരണ ബാങ്കിലെ ഇ എം എസ് ഭവന പദ്ധതി ലോൺ അക്കൗണ്ടിലേക്ക് അധികമായി തിരിച്ചടച്ച വായ്പാ തുകയായ 18,414/- രൂപയാണ് വാർഷിക ധനകാര്യ പത്രികയിൽ B5 ഷെഡ്യൂളിൽ 330500102 - Secured Loan From Co-Operative Banks എന്ന അക്കൗണ്ട് ശീർഷകത്തിൽ നെഗറ്റീവായി ഉൾപ്പെടുത്തിയിട്ടുള്ളത്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക | 1,93,00,027.23 |

| | |
|---|---|
| (പലിശ വരവ് ഉൾപ്പെടെ) | |
| നിക്ഷേപിച്ച തീയതി | 15.07.2022 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,93,00,027.23 |

| സ്ഥിര നിക്ഷേപത്തിന്റെ വിവരം | തുക | കാലാവധി | പലിശ % |
|---|---|---|---|
| കാനറ ബാങ്ക് അക്കൗണ്ട് നം. 2684401001436/2 | 1,93,00,027.23 | 1 വർഷം | 5.3 % |

2021-22 സാമ്പത്തികവർഷം നിക്ഷേപിച്ച 18328213.65 രൂപയുടെ പലിശയായ 971813.58 രൂപ നിക്ഷേപമായി വാർഷിക ധനകാര്യ പത്രികയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുക ലഭിച്ചിട്ടില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2014-15/ 2-3-1, 2-3-2, 2-3-3 | 2016-17 | വസ്തു നികുതി അപാകതകൾ | തീർപ്പാക്കിയിട്ടില്ല |
| 2014-15/2-2-3, 2-2-6 | 2016-17 | തൊഴിൽ നികുതി അപാകതകൾ | തീർപ്പാക്കിയിട്ടില്ല |
| 2015-16/2-3-1, 2-3-2 | 2016-17 | തൊഴിൽ നികുതി അപാകതകൾ | തീർപ്പാക്കിയിട്ടില്ല |

## 4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) (റസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരം) | : | 132855875 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | | 179,821,949 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരം) | : | 100466211 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | | 194,564,487 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 55,60,496 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 93,800 | ശ്രീ. ഹരികുമാർ എസ് , സെക്രട്ടറി |
| 1-27 | 67,272 | ശ്രീ. ഹരികുമാർ എസ് , സെക്രട്ടറി |
| 1-28 | 4,95,000 | ശ്രീ. ഹരികുമാർ എസ് , സെക്രട്ടറി |
| 1-30 | 42,020 | ശ്രീമതി ബിൻസി ചെറിയാൻ, സെക്രട്ടറി |
| 1-31 | 5,66,157 | ശ്രീമതി ബിൻസി ചെറിയാൻ, സെക്രട്ടറി |
| 1-33 | 12,22,652 | ശ്രീമതി ബിൻസി ചെറിയാൻ, സെക്രട്ടറി |
| 1-35 | 4,38,060 | ശ്രീമതി ബിൻസി ചെറിയാൻ, സെക്രട്ടറി |
| 1-36 | 15,50,000 | ശ്രീമതി യമുന ജോസ് , കൃഷി ഓഫീസർ |
| 1-45 | 5,00,000 | ഡോ.നിഷാന്ത് മുഹമ്മദ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-46 | 5,00,000 | ഡോ.പ്രഹ്ലാദ്, മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| 1-46 | 85,535 | ഡോ.ചാണ്ടി ഇ.ഡാനിയൽ, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| ആകെ | 55,60,496 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | CGST-4424.50<br>SGST-4424.50 | ഹരികുമാർ എസ്, സെക്രട്ടറി |
| 1-31 | CGST-4073/-<br>SGST-4073/- | ബിൻസി ചെറിയാൻ, സെക്രട്ടറി |
| ആകെ | 16995/- | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ബാധകമല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെഎണ്ണം |
|---|---|---|
| 1989-90& 1990-91 | എൽ.എഫ്.കെ.പി3-1245/94 /3.5.94/12.7.94 | 10 |
| 1991-92& 1992-93 | എൽ.എഫ്.കെ.പി5-712/96 /15.4.97/5.7.97 | 40 |
| 1993-94 | എൽ.എഫ്.കെ.പി3 - 514/97 /27.2.98/8.3.99 | 31 |
| 1994-95 | എൽ.എഫ്.കെ.പി3 - 449/99 /21.6.99/9.8.99 | 29 |
| 1996-97 | എൽ.എഫ്.കെ.പി4 -930/2000 /15.11.00/4.12.00 | 5 |
| 1998-99 | എൽ.എഫ്.കെ.പി11 - 1064/07 /25.2.08/4.4.08 | 2 |
| 1999-00 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-22/230(1)/22- 26.08.22 | 4 |
| 2000-01 | കെ.എസ്.എ-കെ.ടി.എം.പി5(അദാ-2018) 201(2) /18/ 27.02.18 | 40 |
| 2001-02 | എൽ.എഫ്.കെ.പി4 - 648/04 /14.2.05/1.8.05 | 27 |
| 2002-03 (ചെലവ്) | എൽ.എഫ്.കെ.പി4 - 673/05 /16.12.05/6.2.06 | 10 |
| 2003-04 (ചെലവ്) | എൽ.എഫ്.കെ.പി11 - 681/06 /23.12.06/16.1.07 | 17 |
| 2002-03 (വരവ്) | എൽ.എഫ്.കെ.പി5 - 1065/07 /26.5.08/30.7.08 | 4 |
| 2003-04 | എൽ.എഫ്.കെ.പി5 - 1066/07 /26.5.08/30.7.08 | 9 |
| 2004-05 | എൽ.എഫ്.കെ.പി5 - 1084/07 /26.5.08/30.7.08 | 29 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-22/230(3)/22 - 26.08.22 | 2 |
| 2009-10 | എൽ.എഫ്.കെ.പി5 - 694/11 /4.12.12 | 24 |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി5/ 924/22 | 6 |

| | | |
|---|---|---|
| 2011-12 | എൽ.എഫ്.കെ.പി5 - 497/13 /12.7.14 | 26 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി5/924 /22/20.07.22 | 10 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-22/1124/22 - 26.08.22 | 14 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-22/229(1)/22 - 26.08.22 | 8 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-22/229(2)/22 - 26.08.22 | 8 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-22/229(3)/22 - 26.08.22 | 8 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-22/1410/22 - 26.08.22 | 21 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി5/1229(4)/22 -23.01.21 | 18 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി5/1124(1)/22 -17.08.22 | 9 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി5/1124(2)/22 -17.08.22 | 27 |
| 2021-22 | കെ.എസ്.എ-കെ.ടി.എം.പി5/1124(2)/22 -17.08.22 | 49 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം , കോട്ടയം

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 24-07-2023 and submitted on 29-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Chirakkadavu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Chirakkadavu Grama Panchayat for the year 2022-2023

Date: 09/11/2023

Deputy Director
District Office Kottayam
Kerala State Audit Department

## Audit Report appended to the Audit Certificate of Chirakkadavu Grama Panchayat for the Year 2022-2023.

**1.Major Observations**

1. Non-Disclosure of Assets. Assets not classified and evaluated.

2. General Fund Details not maintained. Source data not available for the value of Total General fund on 31/03/2023.

3. Non-Disclosure of Capital Contribution.

4. The balance of investement as per AFS and bank records do not match.

5. One of the three bank accounts for health grant and another account for Covid grant are not included in Annual Financial Statement.

**2.Other Observations**

1. The statement of ratios as per accounting rules is not included in the annual financial statement.

2. Demand, collection and balance amounts of Property tax and Rent do not match with the annual financial statement.

3. Deposit/advance register is not maintained properly.

4. Government and Other dues register is not kept.

5. Repayment of excess financial assistance is accounted under wrong head of account.

6. Schedule B-5 Secured Loans (KURDFC loan) and Schedule B-16 Pre-paid Expenses do not match.

7. Reconciliation statement and passbook of two treasury accounts (VPFA1-2, VPFA1-3) not provided.

8. Details of prior period income/expenditure not certified and submitted as notes on account by the Secretary.

9. A detailed capital contribution register recording the expenditure details of various grants for the year 2022-23 has not been maintained.

DEPUTY DIRECTOR

KERALA STATE AUDIT DEPT.

DISTRICT AUDIT OFFICE, KOTTAYAM

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ ചിറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3

## Vacancy

Chirakkadavu Grama Panchayat

Vacancy Buildings Via File

